Vol No.32 No.08 August 2022 കെസിബിസി മീഡിയ Rs.5.00

വത്തിക്കാൻ

# തരംഗം



ഏവർക്കും
ഓണാശംസകൾ

**ചെറുകിട വ്യവസായങ്ങൾക്ക്**

**ചെറുകിട, ഇടത്തരം ബിസിനസുകൾക്കായി പ്രാർത്ഥിക്കുന്നു; സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധികൾക്കിടയിലും, സമുദായസേവനത്തിനായി പ്രവർത്തിക്കുന്നതിനുമുള്ള വഴികൾ അവർ കണ്ടെത്തട്ടെ.**

*– ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ആഗസ്റ്റ് 2022*

**നല്ല പുസ്തകം തിരിച്ചറിഞ്ഞ്, കഴിഞ്ഞ നാല് പതിപ്പുകൾക്കും വലിയ പിന്തുണ നൽകിയ മാന്യ വായനക്കാർക്ക് ഹൃദയം നിറഞ്ഞ നന്ദി...**

പരിഷ്ക്കരിച്ച

# അഞ്ചാം പതിപ്പ്

ഉടൻ

പുറത്തിറങ്ങുന്നു




## മാതാപിതാക്കളും മക്കളും അറിയാൻ

പേജുകൾ : 239

വില: ₹260/-

എഡിറ്റർ: ഡോ. തോമസ് കുഴിനാപ്പുറത്ത്

കോപ്പികൾക്ക്: Call/ WhatsApp : 9745448182, 8129482279


**അനുഗ്രഹാശംസ**
ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ

**ആശംസ**
മോസ്റ്റ് റവ. ജോസഫ് കളിത്തിപ്പറമ്പിൽ

**അവതാരിക**
ജസ്റ്റിസ് ജെ.ബി.കോശി

മുഖമൊഴി

1. **കുടുംബം: യാഥാർത്ഥ്യങ്ങളും വെല്ലുവിളികളും**
ഡോ. തോമസ് കുഴിനാപ്പുറത്ത്
2. **മനുഷ്യജീവനുവേണ്ടി ഒരു ധർമ്മസമരം**
ഡോ. തോമസ് കുഴിനാപ്പുറത്ത്
3. **കുട്ടികളുടെ വളർച്ചയും ശിക്ഷണവും : മാതാപിതാക്കളുടെ പങ്ക്**
ഡോ.എം.വി. തോമസ്
4. **കൗമാരം: ഒരു ആരോഗ്യമാർഗ്ഗരേഖ**
ജിനു സെബാസ്റ്റ്യൻ
5. **സ്ക്രീനിൽ കുടുങ്ങുന്ന ബാല്യ-കൗമാരങ്ങൾ**
റിച്ചാർഡ് ജോസഫ്
6. **പാളം തെറ്റുന്ന കൗമാരം**
ഡോ. തോമസ് കുഴിനാപ്പുറത്ത്
7. **ദുരുപയോഗിക്കപ്പെടുന്ന കുട്ടികൾ : മറക്കരുതാത്ത യാഥാർത്ഥ്യങ്ങൾ**
ബിഷപ്പ് മാർ തോമസ് തറയിൽ
8. **കുട്ടികളെ കലാലയങ്ങളിലേയയ്ക്കുമ്പോൾ**
ഓമനാ സതീഷ്
9. **വിദ്യാഭ്യാസം : ഇന്നത്തെ കുടുംബ കലാലയ പശ്ചാത്തലങ്ങളിൽ**
ഡോ. ആൻസി ജയരാജ്
10. **പത്താംക്ലാസ്സിനു ശേഷം**
ഡോ. ഡെയ്സൺ പാണേങ്ങാടൻ
11. **മൂല്യാധിഷ്ഠിത വിദ്യാഭ്യാസം : സ്വഭാവവും പ്രസക്തിയും**
ഡോ. തോമസ് കുഴിനാപ്പുറത്ത്
12. **ആത്മവിശ്വാസം കഠിനാധ്വാനം ലക്ഷ്യബോധം കുട്ടികളിൽ**
ഡോ. തോമസ് കുഴിനാപ്പുറത്ത്
13 **സ്ത്രീശാക്തീകരണത്തിൽ തൊഴിലിന്റെ അനിവാര്യത**
ഡോ. ഡെയ്സൺ പാണേങ്ങാടൻ
14. **കുടുംബാരോഗ്യം**
പ്രൊഫ. ഡോ. എ. ജോസഫ്, ജിനു സെബാസ്റ്റ്യൻ, അഞ്ജലി അനികുമാർ
15. **കൃഷിയും കുടുംബവും**
ഡോ. രഞ്ജൻ ബി.
16. **കുടുംബത്തിനൊരു ബജറ്റ്**
ടി.സി. മാത്യു
17. **വായന കുടുംബങ്ങളിൽ**
ഡോ.എം.വി.തോമസ്
18. **കുടുംബങ്ങളിൽ വളരേണ്ട മാധ്യമ സംസ്കാരം**
ഡോ.ജിബി ഗീവർഗ്ഗീസ് തോക്കാട്ട്
19. **അവധിക്കാലം, ആനന്ദത്തിന്റേതാക്കാം**
ഡോ. ഡെയ്സൺ പാണേങ്ങാടൻ
20. **കുടുംബ മനഃശാസ്ത്രം**
എസ്. എൻ. കസ്തൂരി
21. **വ്യക്തിഗത കൗൺസിലിംഗും ഫാമിലി കൗൺസിലിംഗും**
പ്രൊഫ. പി.കെ.എ റഷീദ്
22. **കോവിഡും കുടുംബവും**
ഡോ. തോമസ് കുഴിനാപ്പുറത്ത്






# മാതാപിതാക്കളും മക്കളും അറിയാൻ

പേജുകൾ : 239

വില: ₹260/-

എഡിറ്റർ: ഡോ. തോമസ് കുഴിനാപ്പുറത്ത്

വത്തിക്കാൻ തരംഗം
VATHICAN THARANGAM
August- 2022
RN. 55 178/94
പുസ്തകം- 32
Monthly
ലക്കം-8

# ഉള്ളടക്കം

- എഡിറ്റോറിയൽ 4
- യുദ്ധഭൂമിക്കരികിലേക്ക് മഹാ ഇടയൻ 5
- ഗൾഫിലെ സഭ 11
- നാം വിശ്വാസികൾ 15
- നഷ്ടപ്പെടുമ്പോൾ ... 19
- തിരുഹൃദയ വഴിയിലൂടെ 22
- കാരുണ്യ നാമയുടെ 24
- ഇ എസ് എസ് എസിന് വജ്ര ജൂബിലി 29
- വാർത്തയും ചിന്തയും 34

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



# വിഴിഞ്ഞം കേരളത്തിന്റെ 'ഓഷ്‌വിറ്റ്സ്'

ഭരണകൂടഭീകരതയുടെ ഇരകളാണ് ഇന്ന് തീരദേശവാസികൾ. നാലര വർഷമായി വലിയതുറയിലെ ഒരു സിമന്റ് ഗോഡൗണിൽ കഴിയുന്ന 17 കുടുംബങ്ങളടക്കമുള്ള ദുരിതബാധിതരെ ഇപ്പോഴും തിരിഞ്ഞുനോക്കാത്ത ഭരണാധികാരികൾ ഹിറ്റ്ലറുടെ പിന്തുടർച്ചക്കാരാണെന്ന് പറയേണ്ടിവരും. യഹൂദരെ ഹിറ്റ്ലർ പീഡിപ്പിച്ച ഓഷ്‌വിറ്റ്സ് ക്യാമ്പിനെക്കാളും ദുരിതമയമാണ് മത്സ്യത്തൊഴിലാളികളെ താൽക്കാലികമായി താമസിപ്പിച്ചിരിക്കുന്ന ഇടങ്ങൾ.

വിഴിഞ്ഞത്തെ ജനങ്ങൾ നേരിടുന്ന ജീവിതാവസ്ഥകളെപ്പറ്റി ഒരു പ്രവാചകനെപ്പോലെ ഫ്രാൻസിസ് പാപ്പ പറയുന്നു: "നവീന ലിബറലിസം

" തൂവുക " (സ്പിൽ ഓവർ) അഥവാ "ഇറ്റിറ്റുവീഴുക" (ട്രിക്കിൾ) എന്നീ മാന്ത്രിക സിദ്ധാന്തങ്ങളെ– ആ പേര് ഉപയോഗിക്കാതെതന്നെ സാമൂഹിക പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരമാർഗ്ഗമായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ ഘടനയെ ഭീഷണിപ്പെടുത്തുന്ന പുതിയ രൂപങ്ങളെ സൃഷ്ടിക്കുന്ന അസമത്വത്തെ ഇപ്പറയുന്ന "സ്പിൽ ഓവർ" പരിഹരിക്കുന്നില്ല എന്ന വസ്തുതയെ വിലയിരുത്തുന്നുമില്ല. പ്രവർത്തനക്ഷമമായ ഒരു സാമ്പത്തികനയം ഉണ്ടായിരിക്കുകയെന്നത് അത്യന്താപേക്ഷിതമാണ്. അത് ഉത്പാദനപരമായ വൈവിധ്യത്തെയും ക്രയവിക്രയ സർഗാത്മകതയെയും അനുകൂലിക്കുന്ന ഒരു സാമ്പത്തികതയെ വളർത്തുന്നതിന് വേണ്ടിയുള്ളതായിരിക്കണം. തൊഴിലവസരങ്ങളെ ഇല്ലാതാക്കാതെ സാധ്യമാക്കുന്നതായിരിക്കണം ആ സാമ്പത്തികത. (ഏവരും സോദരർ–നമ്പർ 168).

തീരദേശത്തുള്ളവരുടെ ദുരിതജീവിതം ഭരണകൂടത്തിന് മനസ്സിലാകേണ്ടതാണ്. എന്നാൽ, വികസനത്തിന്റെ പേരിൽ മനുഷ്യരെ പുഴക്കളെപ്പോലെ ചവിട്ടിയരയ്ക്കാമെന്ന് ഏതെങ്കിലും രാഷ്ട്രീയ നേതാക്കൾ കരുതുന്നുണ്ടെങ്കിൽ, അവരെ അധികാരത്തിൽനിന്ന് പുറന്തള്ളിയേപറ്റൂ. സമ്പന്നരെ വീണ്ടും സമ്പന്നരാക്കാൻ ശ്രമിക്കുന്നത് ഏത് രാഷ്ട്രീയ പ്രസ്ഥാനമാണോ, അവരുടെ സൈദ്ധാന്തികതലം ശുദ്ധീകരിച്ചേ പറ്റൂ. വിലകുറഞ്ഞ രാഷ്ട്രീയ അടവുകൾകൊണ്ട് തീരദേശ ജനതയെ കബളിപ്പിക്കാമെന്ന വ്യാമോഹം ഭരിക്കുന്നവർ വച്ചുപുലർത്തരുത്. കടലിലെ തിര കരയിലേക്ക് അടിച്ചുകയറ്റു . ഇനി അവർക്ക് കരയാൻ കണ്ണീർ ബാക്കിയില്ല. കാരണം, അവരുടെ കൺകോണുകളിൽ കത്തിനിൽക്കുന്നത് തീപ്പന്തങ്ങളാണ്. അത് മറക്കരുത്.



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# യുദ്ധഭൂമിക്കരികിലേക്ക് മഹാ ഇടയൻ; മാർപാപ്പായുടെ കസാക്കിസ്ഥാൻ സന്ദർശനം സെപ്റ്റംബർ 13 മുതൽ

ബാബു കദളിക്കാട്

SPECIAL REPORT



ഫ്രാൻസിസ് പാപ്പായുടെ കസാക്കിസ്ഥാൻ സന്ദർശനം സെപ്റ്റംബർ 13 മുതൽ 15 വരെ. യുക്രെയ്ൻ കീഴടക്കാൻ റഷ്യ നടത്തിക്കൊണ്ടിരിക്കുന്ന നിഷ്ഠുര ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ലോക സമൂഹം ഏറെ ഉദ്വേഗത്തോടെ കാത്തിരിക്കുന്ന അപ്പസ്തോലിക പര്യടനമാണിത്. സന്ദർശന പരിപാടികളുടെ വിശദാംശങ്ങൾ പരിശുദ്ധ സിംഹാസനം പ്രസിദ്ധീകരിച്ചു.

ലോകമതങ്ങളുടെയും പാരമ്പര്യമതങ്ങളുടെയും നേതാക്കളുടെ ഏഴാം ആഗോളസമ്മേളനത്തിൽ പങ്കെടുക്കുകയാണ് പാപ്പായുടെ കസാക്കിസ്ഥാൻ സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യം.നിലവിൽ കാൽമുട്ടിന്റെ വേദന മൂലം നടക്കാൻ ക്ളേശിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ മുപ്പത്തിയെട്ടാമത്തെ വിദേശ ഇടയസന്ദർശനമായിരിക്കും ഇത്. സമ്മേളനവും മതാന്തര സംവാദവും



അരങ്ങേറുന്ന കാസാക്കിസ്ഥാൻ തലസ്ഥാനമായ നൂർ സുൽത്താൻ ആണ് പാപ്പായുടെ മുഖ്യ സന്ദർശന വേദി.
സെപ്റ്റംബർ 13–ന് ചൊവ്വാഴ്ച പ്രാദേശിക സമയം രാവിലെ 7.15–ന് റോമിലെ ലെയൊണാർദൊ ദ വിഞ്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പാപ്പാ നൂർ സുൽത്താനിലേക്ക് വിമാനം കയറും. അവിടെ പ്രാദേശിക സമയം വൈകുന്നേരം 5.45– ന് പാപ്പാ എത്തിച്ചേരും.2019 മാർച്ച് വരെ അസ്താന എന്നായിരുന്നു ഈ നഗരം അറിയപ്പെട്ടിരുന്നത്.

**കൊട്ടാരത്തിൽ കൂടിക്കാഴ്ച**

വിമാനത്താവളത്തിലെ സ്വീകരണാനന്തരം ഔദ്യോഗിക സ്വാഗത സ്വീകരണ ചടങ്ങ് പ്രസിഡന്റിന്റെ ഭവനത്തിൽ ആയിരിക്കും. ഇവിടെ കസാക്കിസ്ഥാൻ പ്രസിഡൻറ് കാസിം ജോമാർട്ട് കെമെലുലി തൊക്കയെവുമായി പാപ്പാ സൗഹാർദ്ദ കൂടിക്കാഴ്ച നടത്തും. തദനന്തരം പാപ്പാ പ്രസിഡന്റിന്റെ ഭവനത്തിൽ വച്ചുതന്നെ രാഷ്ട്രാധികാരികളും പൗരാധികാരികളും നയതന്ത്രപ്രതിനിധികളുമായി നേർക്കാഴ്ച നടത്തുകയും അവരെ അഭിസംബോധന ചെയ്യുകയും ചെയ്യും.
രണ്ടാം ദിനമായ സെപ്റ്റംബർ 14–ന് ബുധനാഴ്ച രാവിലെ ശാന്തിയുടെയും അനുരഞ്ജനത്തിന്റെയും മന്ദിരത്തിൽ പ്രാദേശികസമയം 10 ന് മതനേതാക്കളുമൊത്തുള്ള മൗനപ്രാർത്ഥന.തുടർന്ന് ലോകമതങ്ങളുടെയും പാരമ്പര്യമതങ്ങളുടെയും നേതാക്കളുടെ ഏഴാം സമ്മേളനോദ്ഘാടനം .12 മണിക്ക് വിവിധ മതനേതാക്കളുമായി പാപ്പാ സ്വകാര്യ കൂടിക്കാഴ്ച നടത്തും. വൈകുന്നേരം 4.45–ന് എക്സ്പോ മൈതാനിയിൽ ദിവ്യബലി അർപ്പിക്കും.

**ഈശോ സഭാ സമൂഹവുമൊത്ത്...**

മൂന്നാം ദിനമായ പതിനഞ്ചിനു വ്യാഴാഴ്ച പാപ്പാ തദ്ദേശീയരായ ഈശോ സഭാ സമൂഹത്തിലെ അംഗങ്ങളുമായി അപ്പൊസ്തോലിക് നൺഷിയേച്ചറിൽ വച്ച് സ്വകാര്യ കൂടിക്കാഴ്ച നടത്തും. തുടർന്ന് രാവിലെ 10.30–ന് നിത്യസഹായനാഥയുടെ നാമത്തിലുള്ള കത്തീഡ്രലിൽ മെത്രാൻമാരെയും വൈദികരെയും ശെമ്മാശൻമാരെയും സമർപ്പിതരെയും വൈദികാർഥികളെയും അജപാലനപ്രവർത്തകരെയും അഭിസംബോധന ചെയ്യും.
ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് പാപ്പാ, ശാന്തിയുടെയും അനുരഞ്ജനത്തിന്റെയും മന്ദിരത്തിൽ മതനേതാക്കളുടെ സമ്മേളനത്തിന്റെ സമാപന പ്രഖ്യാപന പാരായണത്തിലും സമാപനച്ചടങ്ങിലും പങ്കെടുക്കും.ലോകമതങ്ങളുടെയും പാരമ്പര്യമതങ്ങളുടെയും നേതാക്കളുടെ ഏഴാം സംഗമമാണിത്. അവിടെനിന്ന് നൂർ സുൽത്താൻ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക പോകുന്ന പാപ്പാ യാത്രയയപ്പ് വിടവാങ്ങൽ ചടങ്ങിൽ പങ്കെടുത്തശേഷം റോമിലേക്കു വിമാനം കയറും. റോമിലെ സമയം രാത്രി 8.15–ന് പാപ്പാ ഫ്യുമിച്ചിനൊയിലുള്ള ലെയൊണാർദൊ ദാ വിഞ്ചി വിമാനത്താവളത്തിൽ എത്തും.

**മോസ്‌ക്കോ പാത്രിയാർക്കിസ് വരില്ല**

ഇതിനിടെ, മോസ്കോ പാത്രിയാർക്കീസ് കിറിലും ഫ്രാൻസിസ് മാർപാപ്പയും തമ്മിൽ കസാക്കിസ്ഥാനിൽ കണ്ടുമുട്ടില്ലെന്ന കാര്യം ഉറപ്പായതോടെ ഇതു സംബന്ധിച്ച നൈരാശ്യം ലോകമെങ്ങും സമാധാന പ്രേമികൾ പങ്കിട്ടു തുടങ്ങി. ലോകപാരമ്പര്യമത നേതാക്കളുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തുമ്പോൾ മാർപാപ്പയും പാത്രിയാർക്കീസും തമ്മിൽ കൂടിക്കാഴ്ച നടത്തിയേക്കും എന്നൊരു പ്രതീക്ഷ നേരത്തെയുണ്ടായിരുന്നു.
എന്നാൽ ഈ സമ്മേളനത്തിൽ കിറിൽ പങ്കെടുക്കില്ലെന്നും പകരം പ്രതിനിധിയായിരിക്കും സംബന്ധിക്കുക എന്നും വ്യക്തമായി. ഇതോടെയാണ് പാപ്പായും പാത്രിയാർക്കീസും തമ്മിലുള്ള കൂടിക്കാഴ്ചയക്കുള്ള സാധ്യത ഇല്ലാതായത്.
യുക്രെയ്നിൽ റഷ്യ നടത്തുന്ന യുദ്ധത്തിന്റെ ആറു മാസക്കാലത്തെ പശ്ചാത്തലത്തിൽ പാപ്പായും പാത്രിയാർക്കീസും തമ്മിലുള്ള കൂടിക്കാഴ്ച നിർണ്ണായകമാകുമായിരുന്നു. ഈ കൂടിക്കാഴ്ചയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ നേരത്തെ ഏറെ പ്രതീക്ഷകൾ പ്രകടമാക്കിയിരുന്നു. 2016ൽ ക്യൂബയിലെ ഹാവന്നയിൽ വച്ച് ഇരുവരും തമ്മിൽ കണ്ടുമുട്ടിയിരുന്നു.
മോസ്കോ പാത്രിയാർക്കേറ്റ് ഡിപ്പാർട്ട്മെന്റ് ഫോർ എക്സ്റ്റേർണൽ ചർച്ച് റിലേഷൻസിന്റെ പുതിയ തലവനായ ആർച്ച്ബിഷപ്പ് അന്തോണി ഫ്രാൻസിസ് മാർപാപ്പയുമായി നേരത്തെ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇക്കഴിഞ്ഞ ജൂണിലായിരുന്നു ഇദ്ദേഹത്തിന്റെ നിയമനം.റഷ്യൻ ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്കാസഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള നിലവിലെ പ്രശ്നങ്ങളാണ് നീണ്ട സംഭാഷണത്തിൽ ചർച്ചചെയ്തതെന്ന് റിപ്പോർട്ടുണ്ടായിരുന്നു.

യുക്രെയ്ൻ യുദ്ധത്തിന്റെ പേരിൽ കടുത്ത വിമർശനങ്ങൾക്ക് വിധേയനായ വ്യക്തിയാണ് മോസ്കോ പാത്രിയാർക്കീസ് കിറിൽ. റഷ്യൻ ഓർത്തഡോക്സ് സഭയുടെ കീഴിൽ 150 ദശലക്ഷം അംഗങ്ങളുണ്ട്. ലോക വ്യാപകമായുള്ള ഓർത്തഡോക്സ് ക്രൈസ്തവരുടെ ജനസംഖ്യയുടെ പകുതിയിലേറെ വരും ഇത്.

KCBC MEDIA

# 33rd ALL KERALA PROFESSIONAL DRAMA FESTIVAL

SEPTEMBER 20 ONWARDS 2022



33-ാമത് പ്രൊഫഷണൽ നാടക മേള

2022 സെപ്റ്റംബർ 20 മുതൽ 30 വരെ

## ഞങ്ങൾ ഐക്യത്തിന്റെ സാക്ഷികൾ

അതേസമയം, ഫ്രാൻസിസ് പാപ്പായുടെ കസാക്കിസ്ഥാൻ സന്ദർശനം റഷ്യക്കാരായ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്നുവെന്ന് മോസ്കോയിലെ ദൈവമാതാ മെത്രോപ്പോലിത്തൻ അതിരൂപതാധ്യക്ഷനായ ആർച്ച്ബിഷപ്പ് പാവൊളൊ പെത്സി അഭിപ്രായപ്പെട്ടു.അപ്പസ്തോലിക സന്ദർശനത്തോടനുബന്ധിച്ച് ദൈവമാതാ അതിരൂപത സെപ്റ്റംബർ 12–15 കാലയളവിൽ "ഞങ്ങൾ ഐക്യത്തിന്റെ സാക്ഷികൾ'' എന്ന മുദ്രാവാക്യവുമായി, അന്നാട്ടിലേക്ക് ഒരു തീർത്ഥാടനം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതിനെക്കുറിച്ച് വത്തിക്കാൻ വാർത്താവിഭാഗത്തിന് അനുവദിച്ച അഭിമുഖത്തിലാണ് അദ്ദേഹം ഇതു പറഞ്ഞത്.

പാപ്പായ്ക്ക് റഷ്യ സന്ദർശിക്കാൻ എന്ന് സാധിക്കും എന്നതിനെക്കുറിച്ച് ഒന്നും പറയാൻ പറ്റാത്ത ഒരു അവസ്ഥ നിലനില്ക്കുന്നതിനാൽ റഷ്യയോട് ചേർന്നു കിടക്കുന്ന രാജ്യമായ കസാക്കിസ്ഥാനിൽ മാർപാപ്പയെത്തുമ്പോൾ അത് റഷ്യയിലെ കത്തോലിക്കർക്ക് മഹത്തായ ഒരു അവസരമാണെന്നും, തന്നെയുമല്ല കസാക്കിസ്ഥാനിലേക്കു കൂടുതൽ സ്വതന്ത്രമായി യാത്ര ചെയ്യാൻ അവർക്കു കഴിയുമെന്നും ആർച്ച്ബിഷപ്പ് പെത്സി പറഞ്ഞു.

റഷ്യയിലെ കത്തോലിക്കർക്ക് പാപ്പായോടുള്ള വിശ്വസ്തതയും, സർവ്വോപരി, സ്നേഹവും പ്രകടിപ്പിക്കാനുള്ള സവിശേഷാവസരമായിരിക്കുമിത്. അതുകൊണ്ടു തന്നെയാണ് പാപ്പായുടെ കസാക്കിസ്ഥാൻ സന്ദർശനവേളയിൽ ഇത്തരമൊരു തീർത്ഥാടനം സംഘടിപ്പിക്കാൻ ദൈവമാതാ അതിരൂപത താൽപര്യമെടുത്തതെന്നും അദ്ദേഹം വിശദീകരിച്ചു.

## ശാന്തിയുടെയും ഐക്യത്തിന്റെയും ദൂതുമായി ലോഗോ, മുദ്രാവാക്യം

പാപ്പായുടെ കസാക്കിസ്ഥാൻ സന്ദർശനത്തിന്റെ ഔദ്യോഗിക ലോഗോയും, മുദ്രാവാക്യവും പരിശുദ്ധ സിംഹാസനം പരസ്യപ്പെടുത്തി. "സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദൂതർ' എന്നതാണ് അജപാലനസന്ദർശന മുദ്രാവാക്യം.ഇടയസന്ദർശനത്തിന്റെ ഔദ്യോഗിക ചിഹ്നത്തിന്റെ ഏറ്റവും മുകളിൽ കസാഖ് ഭാഷയിലും ഏറ്റവും താഴെ റഷ്യൻ ഭാഷയിലും ഈ മുദ്രാവാക്യം രേഖപ്പെടുത്തിയിരിക്കുന്നു.
വെളുത്ത വൃത്താകൃതിയിലുള്ള ഈ ഔദ്യോഗിക ചിഹ്നത്തിൽ മുകളിലും താഴെയുമുള്ള ലിഖിതങ്ങൾക്കിടയിലായി ഒലിവു ശിഖരവുമായി പറക്കുന്ന ഒരു പ്രാവിന്റെ രൂപം. പ്രാവിന്റെ ചിറകുകൾ രണ്ട് കൈപ്പത്തികൾ ചേർന്നതാണ്. സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദൂതരുടെ പ്രതീകമാണ് ഈ കൈപ്പത്തികൾ.കൈപ്പത്തിയുടെ രൂപത്തിലുള്ള ചിറകുകളിലൊന്നിൽ ഹൃദയത്തിന്റെ രൂപവും ചേർത്തിരിക്കുന്നു. പരസ്പര ധാരണയുടെയും സഹകരണത്തിന്റെയും സംഭാഷണത്തിന്റെയും ഫലമായ സ്നേഹത്തെയാണ് ഇത് ദ്യോതിപ്പിക്കുന്നത്.

മുകൾവശത്തെ ലിഖിതത്തിനും പ്രാവിന്റെ ചിത്രത്തിനും ഇടയിലായി കസാഖ് ജനതയുടെ പാരമ്പര്യ കൂടാരരൂപത്തിലുള്ള പാർപ്പിടമായ "യുർത്ത'യുടെ ഒരു ഘടകമായ ഷനിറാക് ആകാശനീല വർണ്ണത്തിൽ കാണാം. അതിനു മദ്ധ്യത്തിലായി മഞ്ഞവർണ്ണക്കുരിശും. ലോഗോയിൽ, ഉപയോഗിച്ചിരിക്കുന്ന വർണ്ണങ്ങളിൽ ആകാശ നീലയും മഞ്ഞയും കസാക്കിസ്ഥാൻ പതാകയുടേതാണ്. മഞ്ഞയും വെള്ളയും വത്തിക്കാൻ പതാകകളുടേതും. പ്രത്യാശയുടെ പ്രതീകമാണ് ഒലിവു ശിഖരത്തിന്റെ പച്ച നിറം.

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# ക്ലേശങ്ങളുണ്ട് ,ദുഃഖങ്ങളുണ്ട് എങ്കിലും ഒരു പ്രവാസിയോടൊപ്പം വചനത്തിന്റെ വെളിച്ചമുണ്ട്

**ഗൾഫിലെ സഭ**

**ജോബി ബേബി,നഴ്സ്,കുവൈറ്റ്**



ഗൾഫ് മലയാളികളുടെ ജീവിതം പലപ്പോഴും ക്ലേശകരമാണ് . ഭാര്യയും ഭർത്താവും ജോലിക്കാരാകുമ്പോൾ , അവർക്ക് ഒരു കുഞ്ഞ് ജനിക്കുമ്പോൾ എല്ലാം ജീവിതം വർണശബളമല്ലാതാകാം. എങ്കിലും ഗൾഫിലെ ക്രൈസ്തവർ മുറുകെപ്പിടിക്കുന്ന ചില മൂല്യങ്ങളുമുണ്ട്. ആ മൂല്യങ്ങൾ ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങളോട് ഉൾച്ചേർത്ത് നമുക്ക് വായിക്കാം...

നാമല്ല, ദൈവമാണ് നമ്മെ ആദ്യം സ്നേഹിക്കുന്നത് സഹോദരീസഹോദരന്മാരേ, ഈ പ്രഖ്യാപനം തൊഴിലിലും നമ്മുടെ വിശ്വാസപ്രകടനങ്ങളിലും പ്രധാനമായിരിക്കട്ടെ: "നാം ദൈവത്തെ സ്നേഹിക്കുകയല്ല, അവിടന്ന് നമ്മെ സ്നേഹിക്കുകയാണ് ചെയ്തത്" (1 യോഹന്നാൻ 4:10). അത് നാം ഒരിക്കലും മറക്കരുത്. നമ്മുടെ കഴിവുകളും യോഗ്യതകളുമല്ല കേന്ദ്രസ്ഥാനത്തുവരുന്നത്, മറിച്ച് നമുക്ക് അർഹതയില്ലാത്ത നിരുപാധികവും സൗജന്യവുമായ ദൈവസ്നേഹമാണ്. നാം ക്രിസ്ത്യാനികൾ ആയിരിക്കുന്നതിന്റെ പ്രഥമ സ്ഥാനത്തുള്ളത് സിദ്ധാന്തങ്ങളും പ്രവൃത്തികളുമല്ല, മറിച്ച്, നമ്മുടെ ഏതൊരു പ്രതികരണത്തിനും മുമ്പ് നാം സ്നേഹിക്കപ്പെടുന്നുവെന്ന് കണ്ടെത്തുന്നതിന്റെ വിസ്മയമാണ്. ഫലം പുറപ്പെടുവിച്ചാൽ മാത്രമേ നമുക്ക് മൂല്യമുള്ളുവെന്ന് ലോകം പലപ്പോഴും നമ്മെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോൾ, സുവിശേഷമാകട്ടെ നമ്മെ ഓർമ്മപ്പെടുത്തുന്നത് നാം സ്നേഹിക്കപ്പെടുന്നു എന്ന ജീവിതസത്യമാണ്. ഇതാണ് നമ്മുടെ മൂല്യം:നമ്മൾ സ്നേഹിക്കപ്പെടുന്നു. നമ്മുടെ കാലത്തെ ഒരു ആത്മീയ ഗുരു ഇപ്രകാരം കുറിച്ചുവച്ചു: "ഏതൊരു മനുഷ്യനും നമ്മെ കാണുന്നതിന് മുമ്പ്,

ദൈവത്തിന്റെ സ്നേഹനിർഭരമായ കണ്ണുകൾ നമ്മെ കണ്ടു.നാം കരയുകയോ ചിരിക്കുകയോ ചെയ്യുന്നത് ആരെങ്കിലും കേൾക്കുന്നതിനുമുമ്പ്, നമ്മെ പൂർണ്ണമായും കാതോർത്തിരിക്കുന്ന നമ്മുടെ ദൈവം നമ്മെ ശ്രവിച്ചു. ഈ ലോകത്തിലെ ആരെങ്കിലും നമ്മോട് സംസാരിക്കുന്നതിന് മുമ്പുതന്നെ, ശാശ്വത സ്നേഹത്തിന്റെ ശബ്ദം നമ്മോട് സംസാരിച്ചുകൊണ്ടിരുന്നു "(H. NOUWEN, Feeling loved, Brescia 1997, 50). ആദ്യം അവൻ നമ്മെ സ്നേഹിച്ചു, അവൻ നമുക്കുവേണ്ടി കാത്തിരുന്നു. അവൻ നമ്മെ സ്നേഹിക്കുന്നു, അവൻ നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് നമ്മുടെ അനന്യത: ദൈവത്താൽ സ്നേഹിക്കപ്പെട്ടവർ. ഇതാണ് നമ്മുടെ ശക്തി: ദൈവത്താൽ സ്നേഹിക്കപ്പെട്ടവർ.

### ക്രിസ്തുവിന്റെ സ്നേഹം

കർത്താവിൽ നിന്ന് നമുക്ക് ലഭിക്കുന്ന സ്നേഹം നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ശക്തിയാണ്: അത് നമ്മുടെ ഹൃദയങ്ങളെ വിശാലമാക്കുകയും സ്നേഹിക്കാൻ നമ്മെ സജ്ജമാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് യേശു ഇങ്ങനെ പറയുന്നത് – ഇതാണ് രണ്ടാമത്തെ കാര്യം – "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക". അതിനാൽ ഇത് യേശുവിന്റെ സ്നേഹം അനുകരിക്കാനുള്ള ഒരു ക്ഷണം മാത്രമല്ല; അതിനർത്ഥം, അവൻ നമ്മെ സ്നേഹിച്ചതുകൊണ്ട് മാത്രമാണ് നമുക്ക് സ്നേഹിക്കാൻ കഴിയുക എന്നാണ്, കാരണം അവൻ നമ്മുടെ ഹൃദയങ്ങൾക്ക് സ്വന്തം ആത്മാവിനെ, വിശുദ്ധിയുടെ ആത്മാവിനെ, നമ്മെ സുഖപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന സ്നേഹം നൽകുന്നു. ആയതിനാൽ നമുക്ക് തിരഞ്ഞെടുക്കാനും എല്ലാ സാഹചര്യങ്ങളിലും നാം കണ്ടുമുട്ടുന്ന ഓരോ സഹോദരനോടും സഹോദരിയോടും സ്നേഹ പ്രവർത്തികൾ ചെയ്യാനും കഴിയും, കാരണം നമ്മൾ സ്നേഹിക്കപ്പെടുന്നു, നമുക്ക് സ്നേഹിക്കാനുള്ള ശക്തിയുണ്ട്. അങ്ങനെ ഞാൻ സ്നേഹിക്കപ്പെടുന്നതുപോലെ, എനിക്ക് സ്നേഹിക്കാൻ കഴിയും. എല്ലായ്പ്പോഴും, ഞാൻ നിറവേറ്റുന്ന സ്നേഹം എന്നോടുള്ള യേശുവിന്റെ സ്നേഹവുമായി ഐക്യപ്പെട്ടിരിക്കുന്നു: "ഇതുപോലെ". അവൻ എന്നെ സ്നേഹിച്ചതുപോലെ, എനിക്കും സ്നേഹിക്കാൻ കഴിയും. ക്രിസ്തീയ ജീവിതം അത്ര ലളിതമാണ്, അത് വളരെ ലളിതമാണ്!നാം അതിനെ നിരവധി കാര്യങ്ങളാൽ കൂടുതൽ സങ്കീർണ്ണമാക്കുന്നു, എന്നാൽ അത് വളരെ ലളിതമാണ്.

### സ്നേഹം പ്രായോഗിക ജീവിതത്തിൽ

എന്നാൽ, പ്രായോഗികമായി, ഈ സ്നേഹം ജീവിക്കുക എന്നതിന്റെ പൊരുളെന്താണ്? ഈ കൽപ്പന നമുക്കേകുന്നതിനു മുമ്പ്, യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി; ഈ കൽപ്പന ഉച്ചരിച്ചശേഷം അവൻ കുരിശു മരത്തിന്മേൽ സ്വയം സമർപ്പിച്ചു. സ്നേഹിക്കുക എന്നതിനർത്ഥം ഇതാണ്: സേവിക്കുക, ജീവൻ നൽകുക. ശുശ്രൂഷയേകുക, അതായത്, സ്വന്തം താൽപര്യങ്ങൾക്ക് മുൻഗണന നൽകാതിരിക്കുക; അത്യാഗ്രഹത്തിന്റേയും മത്സരത്തിന്റേയും വിഷങ്ങളിൽ നിന്ന് വിമുക്തമാകുക; നിസ്സംഗതയുടെ അർബുദത്തോടും അവനവനിൽ കേന്ദ്രീകരിക്കുന്ന പ്രവണതയുടെതായ മരപ്പുഴുവിനോടും പോരാടുക, ദൈവം നമുക്ക് നൽകിയ സിദ്ധികളും ദാനങ്ങളും പങ്കുവയ്ക്കുക. പ്രായോഗികമായി, "മറ്റുള്ളവർക്കായി ഞാൻ എന്താണ് ചെയ്യേണ്ടത്?" എന്ന് സ്വയം ചോദിക്കുക. ഇതാണ് സ്നേഹിക്കുക, ദൈനംദിന കാര്യങ്ങൾ സേവന മനോഭാവത്തോടെ, സ്നേഹത്തോടെ, ആരവങ്ങളില്ലാതെ, ഒന്നും അവകാശപ്പെടാതെ ജീവിക്കുക എന്നത്.



### കൈയിൽ സ്പർശിക്കുക, കണ്ണിൽ നോക്കുക

തദനന്തരം ജീവൻ നൽകൽ, അത് എന്തെങ്കിലും മറ്റുള്ളവർക്ക് നൽകൽ മാത്രമല്ല, ഉദാഹരണമായി, സ്വന്തം വസ്തുക്കൾ മറ്റുള്ളവർക്ക് ദാനം ചെയ്യൽ, മറിച്ച്, ആത്മദാനമാണ് അത്. എന്നോട് ഉപദേശം തേടുന്നവരോട് ഇങ്ങനെ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "എന്നോടു പറയൂ, നിങ്ങൾ ഭിക്ഷ കൊടുക്കുമോ?" – "അതെ, പിതാവേ, ഞാൻ ദരിദ്രർക്ക് ഭിക്ഷനല്കുന്നു" – "നിങ്ങൾ ദാനം ചെയ്യുമ്പോൾ, ആ വ്യക്തിയുടെ കൈയിൽ സ്പർശിക്കുന്നുണ്ടോ, അതോ ഭിക്ഷ എറിഞ്ഞ് കൊടുക്കുകയും അങ്ങനെ വൃത്തിയുള്ളവനായിരിക്കാൻ ശ്രമിക്കുകയുമാണോ ചെയ്യുന്നത്?". അവരുടെ മുഖം അരുണാഭമാകുന്നു: "ഇല്ല, ഞാൻ തൊടുന്നില്ല." "നീ ഭിക്ഷ നൽകുമ്പോൾ, നീ സഹായിക്കുന്ന ആളുടെ കണ്ണിൽ നോക്കുന്നുണ്ടോ അതോ മറ്റെവിടെയെങ്കിലുമാണോ നോക്കുക?" – "ഞാൻ നോക്കുന്നില്ല". തൊടുക, നോക്കുക, നമ്മുടെ സഹോദരീസഹോദരന്മാരിൽ വേദനിക്കുന്ന ക്രിസ്തുവിന്റെ മാംസം തൊടുകയും നോക്കുകയും ചെയ്യുക. ഇത് വളരെ പ്രധാനമാണ്. ജീവൻ നൽകുക എന്നത് ഇതാണ്.

### പ്രതിഫലേച്ഛയില്ലാതെ സേവനം ചെയ്യുക

സുവിശേഷത്തെയും സഹോദരങ്ങളെയും സേവിക്കുക, ലാഭം നോക്കാതെ സ്വന്തം ജീവൻ സമർപ്പിക്കുക – ഇത് ഒരു രഹസ്യമാണ്: നേട്ടം പ്രതീക്ഷിക്കാതെ – ലൗകിക മഹത്വം തേടാതെ സമർപ്പിക്കുക: ഇതിനാണ് നമ്മളും വിളിക്കപ്പെട്ടിരിക്കുന്നത്. ഇന്ന് വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട നമ്മുടെ സഹയാത്രികർ ഇപ്രകാരമാണ് വിശുദ്ധിയോടെ ജീവിച്ചത്: തങ്ങളുടെ വിളി, ചിലർ പുരോഹിതർ, സമർപ്പിതർ എന്ന നിലയിൽ, മറ്റു ചിലർ അല്മായർ എന്ന നിലയിൽ, വിളി ആവേശത്തോടെ ആശ്ലേഷിച്ചുകൊണ്ട്, അവർ സുവിശേഷത്തിനായി ജീവിതം ചിലവഴിച്ചു, അവർ സമാനതകളില്ലാത്ത ഒരു സന്തോഷം കണ്ടെത്തി.അവർ ചരിത്രത്തിൽ കർത്താവിന്റെ വിളങ്ങുന്ന പ്രതിഫലനങ്ങളായി മാറി. ഇതാണ് ഒരു വിശുദ്ധനോ  വിശുദ്ധയോ : ചരിത്രത്തിലെ കർത്താവിന്റെ തിളങ്ങുന്ന പ്രതിഫലനം.നമുക്കും ശ്രമിക്കാം:വിശുദ്ധിയിലേക്കുള്ള വഴി അടഞ്ഞിട്ടില്ല, അത് സാർവ്വത്രികമാണ്, അത് മാമ്മോദീസായോടെ ആരംഭിക്കുന്ന നമുക്കെല്ലാവർക്കുമുള്ള ഒരു വിളിയാണ്, അത് അടഞ്ഞിട്ടില്ല. നമുക്കും ശ്രമിക്കാം, എന്തെന്നാൽ നമ്മൾ ഓരോരുത്തരും വിശുദ്ധിയിലേക്ക്, അദ്വിതീയവും അനാവർത്തിതവുമായ വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

KCBC MEDIA COMMISSION




# 31-ാമത്

# കെ സി ബി സി മാധ്യമ അവാർഡ് 2022

**മാധ്യമ അവാർഡ്**



ദിലീഷ് പോത്തൻ

**സാഹിത്യ അവാർഡ്**



അബിൻ ജോസഫ്

**യുവ പ്രതിഭ അവാർഡ്**



അന്നാ ബെൻ

**ദാർശനിക വൈജ്ഞാനിക അവാർഡ്**



ഡോ. എസ്. കെവിൻ

## ഗുരുപൂജ പുരസ്കാരം



ഡോ. എം. വി. തോമസ്



ജോയ് തൊട്ടാൻ



എം. വി. വർഗീസ്

ICON MEDIA ONLINE KCBC MEDIA KCBC MEDIA kcbcmediacom KCBC NEWS www.kcbcnews.com



# നാം വിശ്വാസികൾ, സദാ ഉണർന്നിരിക്കണം : പാപ്പ

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



സ്വർഗ്ഗത്തിൽ നിക്ഷേപം കരുതിവക്കാനും കർത്താവിന്റെ വരവ് പ്രതീക്ഷിച്ച് സദാ ജാഗരൂകരായിരിക്കാനും ആഹ്വാനം ചെയ്യുന്ന വി.ലൂക്കായുടെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം 32 മുതൽ 48 വരെയുള്ള വി.ഗ്രന്ഥ ഭാഗം വിശദീകരിച്ച് 2022 ആഗസ്റ്റ് 7ന് ഫ്രാൻസീസ് പാപ്പ നിദ്രയിലാണ്ടു പോകരുതെന്നും അലസതയിൽ നിപതിക്കരുതെന്നും സദാ ജാഗരൂകരായിരിക്കാനും ആഹ്വാനം നൽകി.

സകല ഭയപ്പാടുകളിലും ശിഷ്യന്മാർക്ക് ആത്മധൈര്യം പകരുന്നതിനും ജാഗരൂകരായിരിക്കാൻ അവരെ ക്ഷണിക്കുന്നതിനുമായി അവരോട് സംസാരിക്കുന്ന ഈശോ അവർക്ക് രണ്ട് മൗലിക പ്രബോധനങ്ങൾ നൽകുന്നു. ആദ്യത്തേത് 'ചെറിയ അജഗണമേ ഭയപ്പെടേണ്ട' (ലൂക്ക 12:32); രണ്ടാമത്തേത് 'ഒരുങ്ങിയിരിക്കുക' (ലൂക്ക 12:35) ചിലപ്പോഴൊക്കെ നമ്മെ തളർത്തുന്ന ഭയങ്ങളെ പരാജയപ്പെടുത്താനും നിഷ്ക്രിയവും മരവിച്ചതുമായ ഒരു ജീവിതം നയിക്കാനുള്ള പ്രലോഭനത്തെ മറികടക്കാനുമുള്ള രണ്ടു സുപ്രധാന പദങ്ങളാണ് ഇവ എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. 'ഭയപ്പെടേണ്ടാ, ഒരുങ്ങിയിരിക്കുക' ഈ രണ്ടു ക്ഷണങ്ങളെ കുറിച്ചാണ് പാപ്പ തുടർന്ന് വിചിന്തനം നൽകിയത്.

**ഭയപ്പെടേണ്ട**

'പേടിക്കേണ്ട' എന്ന് ഈശോ പറയുന്നത് സുരക്ഷിതത്വം നൽകുന്ന സാന്ത്വന വചസാ



മട്ടാഞ്ചേരി
ജീവമാതാ ഇടവക ദേവാലയം

കൂനൻ കുരിശ് ചാപ്പൽ സ്ഥാപിതം : 1550
കൂനൻ കുരിശ് സത്യം : 1653 ജനുവരി 3

**18 – 09 – 2022 ഞായർ**

# തിരുനാൾ ദിനം

രാവിലെ 8.30 : **ദിവ്യബലി**

രാവിലെ **10.00** ന്

## ആഘോഷമായ സമൂഹദിവ്യബലി

## റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ

(കൊച്ചി മെത്രാൻ)

### പ്രസുദേന്തിമാർ



ബെറ്റി ബാബു – പാലക്കാട്ട് ഹൗസ്
സുജ ഷാജി – പാലക്കാട്ട് ഹൗസ്
ബീന ബാബു – പാലക്കാട്ട് ഹൗസ്
മോളി സേവ്യർ – അറക്കൽ ഹൗസ്
ഷേർളി സേവ്യർ – പറപ്പള്ളി ഹൗസ്

# മട്ടാഞ്ചേരി കൂനൻ കുരിശ് പള്ളിയിൽ

(കുരിയച്ചന്റെ നട)




## വിശുദ്ധ കുരിശിന്റെ 369 –ാമത്

# തിരുനാൾ മഹോത്സവം

2022 സെപ്തംബർ
9 വെള്ളിയാഴ്ച മുതൽ
18 ഞായറാഴ്ച വരെ

എട്ടാമിടം: 25.09.2022
ഞായർ 05.00 PM





മോൺ. ആന്റണി തച്ചാറ
(വികാരി)



ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ
(സഹവികാരി)

വിശുദ്ധ കുരിശിന്റെ പ്രത്യേക നേർച്ചയായ ചുറ്റുവിളക്കും പൂമാലയും പള്ളിയിൽ ലഭിക്കുന്നതാണ്.

തിരുനാൾ സമാപനദിനം രാവിലെ 9 മണിക്ക് വാഹനങ്ങൾ കുരിശിനെ സമർപ്പിച്ച് പ്രാർത്ഥിക്കുവാനുള്ള സൗകര്യം ഇടവകപള്ളിയിൽ ഉണ്ടായിരിക്കും
(വാഹനങ്ങൾ ഇടവക പള്ളി കോമ്പൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ് )

യിട്ടാണ്. അവിശ്വാസത്തിന്റെയും ഉത്കണ്ഠയുടേതുമായ ഒരു വികാരത്തിന്റെ തടവിലാണ് പലപ്പോഴും നാം. നിസ്സഹായാവസ്ഥയിലാണെന്ന ഭയം, അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നില്ലെന്ന ഭയം, നമ്മുടെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ലെന്ന ഭയം, ഒരിക്കലും സന്തോഷം ലഭിക്കില്ല എന്ന ഭയം, തുടങ്ങി പല തരത്തിലുള്ള ഭയത്തിനും അടിമകളായി എല്ലാ മേഖലയിലും നിരന്തരമായ ഉത്ക്കണ്ഠയിലും ആകുലതയിലും ജീവിക്കുന്നവരാണ് നാം. ഇവിടെ ഭയപ്പെടേണ്ട എന്ന് ഉറപ്പ് നൽകി പിതാവായ ദൈവത്തിൽ വിശ്വാസമർപ്പിക്കാനാണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത് എന്നാണ് പാപ്പാ പഠിപ്പിക്കുന്നത്. ഭയപ്പെടേണ്ട എന്ന ഉറപ്പിനോട് ചേർത്തു വയ്ക്കപ്പെട്ട ഒരു ഹൃദയം നമുക്കുണ്ടാകണം.

**പരോന്മുഖത**

കർത്താവ് നമ്മെ സ്നേഹത്തോടെ കാത്തു പരിപാലിക്കുന്നു എന്ന അവബോധം നിദ്രയിലാഴുന്നതിനും അലസരായിരിക്കുന്നതിനും ഇടയാകരുത്. നേരേ മറിച്ച് നാം ഉണർന്നിരിക്കാനും ജാഗരൂകരായിരിക്കാനും തയ്യാറാകണം. പാപ്പാ പറയുന്നു വാസ്തവത്തിൽ സ്നേഹിക്കുക എന്നതിനർത്ഥം മറ്റുള്ളവരുടെ കാര്യത്തിൽ ശ്രദ്ധയുള്ളവരായിരിക്കാനും, അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും, സംലഭ്യരായിരിക്കാനും, കേൾക്കാനും, സ്വാഗതം ചെയ്യാനും തയ്യാറാകുക എന്നാണ് ഫ്രാൻസീസ് പാപ്പ പ്രബോധിപ്പിക്കുന്നത്.

**ഒരുക്കമുള്ളവരായിരിക്കുക**

ഒരുക്കമുള്ളവരായിരിക്കാനും തയ്യാറായിരിക്കാനുമുള്ള ക്ഷണമാണ് രണ്ടാമത്തേത്. ഇത് ക്രിസ്തീയ ജ്ഞാനമാണെന്നാണ് പാപ്പാ പഠിപ്പിക്കുന്നത്. ഈ ക്ഷണം പലവുരു യേശു ആവർത്തിക്കുന്നു. ഗൃഹനാഥനിൽ കേന്ദ്രീകൃതമായ മൂന്ന് ചെറിയ ഉപമകളിലൂടെയാണ് ഈശോ ഇതു ചെയ്യുന്നത്. ആദ്യത്തേതിൽ യജമാനൻ വിവാഹവിരുന്നു കഴിഞ്ഞ് പെട്ടെന്നു മടങ്ങിവരുന്നു. രണ്ടാമത്തേതിലാകട്ടെ കള്ളന്മാരാൽ ആശ്ചര്യപ്പെടുത്തപ്പെടാൻ ഗൃഹനാഥൻ ആഗ്രഹിക്കുന്നില്ല. മൂന്നാമത്തേതിൽ യജമാനൻ ഒരു നീണ്ട യാത്ര കഴിഞ്ഞ് മടങ്ങി വരുന്നു. ഇവയിലെല്ലാം നൽകുന്ന സന്ദേശം ഇതാണ്: നാം ഉണർന്നിരിക്കണം. ശ്രദ്ധ വ്യതിചലിക്കരുത്. ആന്തരിക അലസതക്ക് വഴങ്ങരുത്. അവിടുന്ന് നമ്മെ ഏൽപ്പിച്ചവയുടെ കണക്ക് നാം തന്നെ സമർപ്പിക്കണം

**ഉപസംഹാരം**


പാപ്പാ തുടർന്ന് പ്രബോധിപ്പിക്കുന്നു. നമുക്ക് വളരേയേറെ ലഭിച്ചു: നമ്മുടെ ജീവിതം; വിശ്വാസം; കുടുംബം; ബന്ധങ്ങൾ; ജോലി; നമ്മുടെ വാസസ്ഥലം; നമ്മുടെ നഗരം; തുടങ്ങി ഒരു പാട് കാര്യങ്ങൾ.

പാപ്പാ ചോദിക്കുന്നു കർത്താവ് നമുക്ക് നൽകിയവ നാം പരിപാലിക്കുന്നുണ്ടോ? അതോ നൈമിഷിക സുഖത്തിനും സൗകര്യത്തിനുമായി അവയെ കൈവിടുന്നുണ്ടോ? നമുക്ക് നൽകിയവയുടെ നല്ല സംരക്ഷകരാകാം.

കർത്താവിന്റെ സന്ദർശനത്തെ സ്വാഗതം ചെയ്യുകയും, സന്നദ്ധതയോടും ഉദാരതയോടും 'ഇതാ ഞാൻ ' എന്നു പറഞ്ഞ പരി. കന്യകാമറിയം നമ്മെ സഹായിക്കട്ടെ.

# വിശുദ്ധനാട് തീർത്ഥയാത്ര

കർത്താവ് ജനിച്ചു ജീവിച്ച അനുഗ്രഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.





ഫ്രാൻസിസ് മാർപാപ്പയെ കാണാൻ
അപൂർവ അവസരം!!!

## യൂറോപ്പ്– മരിയൻ തീർത്ഥയാത്ര

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി
● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ്
● സ്പെയ്ൻ ● നെതർലൻഡ് ● ബെൽജിയം

കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ടുലിപ് ഗാർഡൻ

16 ദിവസത്തെ പ്രോഗ്രാം കോഴിക്കോട്
നിന്ന് പുറപ്പെടുന്നു.
ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

2023 ഏപ്രിൽ മാസം പുറപ്പെടുന്നു




● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്

ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗള വാർത്താ ദേവാലയം, കാനാ, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി.

യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു

2023 ഏപ്രിൽ 11, 18, 25,
മേയ് 2, 9, 23 തീയ്യതികളിലും
സെപ്റ്റംബർ, ഒക്ടോബർ
മാസങ്ങളിലും പുറപ്പെടുന്നു.



## ഗോവ തീർത്ഥയാത്ര

വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം–ദേവാലയം, മിരാമർ ബീച്ച്, ഡോണപോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റീനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച് .

യാത്രയടക്കം മൂന്ന് രാത്രി 2 പകൽ കോഴിക്കോട്
നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

2023 ജനുവരി 9, 16, 23 ഫെബ്രുവരി 10,17, ഏപ്രിൽ
14, 21, 28, മേയ് 12, 19 തീയ്യതികളിൽ പുറപ്പെടുന്നു

ഗോവ യാത്രയ്ക്ക് ട്രെയ്ൻ ടിക്കറ്റ് ബുക്ക് ചെയ്യേണ്ടതിനാൽ
3 മാസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Sama Travel
Great Journeys Begin Here

എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

Contact / Whatsapp: Fr. Sai Parankulangara: 9544 285 018




# നഷ്ടപ്പെടുമ്പോൾ തിരിച്ചറിയുന്ന നിധിയാണ് സ്വാതന്ത്ര്യം

*പൗലോസ് അപ്പസ്തോലന്റെ ഗലാതൃക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര* ഭാഗം - 10



അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

ഗലാതൃക്കാർക്കുള്ള ലേഖനത്തെ അധികരിച്ചുള്ള വിചിന്തനം നാം വീണ്ടും തുടരുകയാണ്. ഗലാതൃർക്കുള്ള കത്തിൽ, വിശുദ്ധ പൗലോസ് ക്രൈസ്തവ സ്വാതന്ത്ര്യത്തെക്കുറിച്ച് അനശ്വരമായ വാക്കുകൾ കുറിച്ചുവച്ചിരിക്കുന്നു. എന്താണ് ക്രിസ്തീയ സ്വാതന്ത്ര്യം? ഇന്ന് നമ്മൾ ഇതിനെക്കുറിച്ചാണ് ചിന്തിക്കുക: ക്രിസ്തീയ സ്വാതന്ത്ര്യം, സ്വാതന്ത്ര്യം.

നഷ്ടപ്പെടുമ്പോൾ മാത്രം യഥാർത്ഥത്തിൽ ഒരുവൻ വില തിരിച്ചറിയുന്ന ഒരു നിധിയാണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യത്തിൽ ജീവിക്കാൻ ശീലിച്ചിരിക്കുന്ന നമ്മിൽ പലരും അതിനെ കാണുന്നത് ഒരു ദാനവും കാത്തുസൂക്ഷിക്കേണ്ട ഒരു പൈതൃകവും എന്നതിലുപരി നേടിയെടുത്ത അവകാശമായിട്ടാണ്. നൂറ്റാണ്ടുകളായി, സ്വാതന്ത്ര്യം എന്ന വിഷയത്തെ ച്ചുറ്റിപ്പറ്റിയുള്ള എത്രയെത്ര തെറ്റിദ്ധാരണകൾ, വിഭിന്ന വീക്ഷണങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്!

ക്രിസ്തുവിന്റെ സത്യം അറിയുകയും അംഗീകരിക്കുകയും ചെയ്ത ആ ക്രിസ്ത്യാനികൾ, അതിനു ശേഷം സ്വാതന്ത്ര്യത്തിൽ നിന്ന് അടിമത്തത്തിലേക്ക് നയിക്കുന്ന വഞ്ചനാപരമായ നിർദ്ദേശങ്ങളാൽ ആകർഷിക്കപ്പെടുന്നതിന് സ്വയം അനുവദിക്കുന്നത്, ഗലാതൃരുടെ കാര്യത്തിൽ, അപ്പോസ്തലന് സഹിക്കാൻ കഴിയുമായിരുന്നില്ല: അവർ യേശുവിന്റെ വിമോചനദായക സാന്നിദ്ധ്യത്തിൽ നിന്ന് പാപത്തിന്റെയും നൈയാമികവാദത്തിന്റെയും അടിമത്തം തുടങ്ങിയവയിലേക്ക് കടക്കുന്നു. നൈയാമികവാദം ഇന്നും നിയമാനുസാരിത്വത്തിൽ, ധർമ്മാധർമ്മ വിവേചനവിദ്യയിൽ അഭയം തേടുന്ന, നമ്മുടെ,

നിരവധി ക്രൈസ്തവരുടെയും ഒരു പ്രശ്നമാണ്. ആകയാൽ, “അടിമത്തത്തിന്റെ നുകത്തിന് വിധേയരാകാതെ” (ഗലാത്തിയർ 5:1) മാമ്മോദീസാവഴി ലഭിച്ച സ്വാതന്ത്ര്യത്തിൽ ഉറച്ചുനിൽക്കാൻ പൗലോസ് ക്രൈസ്തവരെ ക്ഷണിക്കുന്നു. പൗലോസ് സ്വാതന്ത്ര്യത്തിൽ അഭിമാനംകൊള്ളുന്നു. പൗലോസ്ശ്ലീഹാ എഴുതുന്നു, “നമ്മെ അടിമകളാക്കുകയെന്ന ലക്ഷ്യത്തോടെ” ചില "കള്ളസഹോദരന്മാർ" സമൂഹത്തിൽ നുഴഞ്ഞുകയറി "ചാരപ്പണി നടത്തുന്നുണ്ട്" (ഗലാത്തിയർ 2:4). ഇതെക്കുറിച്ച് പൗലോസിനറിയാം. അവന് അത് സഹിക്കാൻ കഴിയില്ല. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെ നിരാകരിക്കുന്ന ഒരു പ്രഘോഷണം ഒരിക്കലും സുവിശേഷാനുസൃതമാകില്ല. നമുക്ക് ഒരിക്കലും യേശുവിന്റെ നാമത്തിൽ നിർബന്ധിക്കാൻ കഴിയില്ല, നമ്മെ സ്വതന്ത്രരാക്കുന്ന യേശുവിന്റെ നാമത്തിൽ ആരെയും അടിമയാക്കാൻ കഴിയില്ല. ജ്ഞാനസ്നാനത്തിൽ നമുക്ക് നൽകിയ ഒരു സമ്മാനമാണ് സ്വാതന്ത്ര്യം.

എന്നാൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിശുദ്ധ പൗലോസിന്റെ പ്രബോധനം സർവ്വോപരി സകാരാത്മകമാണ്. യോഹന്നാൻറെ സുവിശേഷത്തിൽ നാം കാണുന്ന യേശുവിന്റെ ഉദ്ബോധനങ്ങൾ അപ്പോസ്തലൻ മുന്നോട്ടുവയ്ക്കുന്നു: "നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ, നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യന്മാരാണ്; നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"(8,31–32). അതിനാൽ, നമ്മെ സ്വതന്ത്രരാക്കുന്ന സത്യത്തിന്റെ ഉറവിടമായ യേശുവിൽ, സർവ്വോപരി, നിലനിൽക്കുക എന്നതാണ് ഓർമ്മപ്പെടുത്തൽ. അതിനാൽ, ക്രിസ്തീയ സ്വാതന്ത്ര്യം രണ്ട് അടിസ്ഥാന സ്തംഭങ്ങളിൽ സ്ഥാപിതമാണ്: ആദ്യത്തേത്, കർത്താവായ യേശുവിന്റെ കൃപ; രണ്ടാമത്തേത്, ക്രിസ്തു നമുക്ക് വെളിപ്പെടുത്തുന്ന, അവിടുന്നുതന്നെയായ, സത്യം. എല്ലാത്തിനുമുപരിയായി, അത് കർത്താവിന്റെ ഒരു ദാനമാണ്. ഗലാത്യർക്ക്, അവരെപ്പോലെ തന്നെ നമുക്കും, ലഭിച്ച സ്വാതന്ത്ര്യം യേശുവിന്റെ റെ മരണത്തോത്ഥാനങ്ങളുടെ ഫലമാണ്. അപ്പോസ്തലൻ തൻറെ എല്ലാ പ്രബോധനങ്ങളും തന്റെ ഗതകാല ജീവിത ബന്ധങ്ങളിൽ നിന്ന് തന്നെ മോചിപ്പിച്ച ക്രിസ്തുവിൽ കേന്ദ്രീകരിക്കുന്നു: അവനിൽ നിന്ന് മാത്രമേ ആത്മാവിനനുസൃതമായ ജീവിതത്തിന്റെ നൂതന ഫലങ്ങൾ ലഭിക്കൂ. വാസ്തവത്തിൽ, പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ളതായ യഥാർത്ഥ സ്വാതന്ത്ര്യം ക്രിസ്തുവിന്റെ സ്വയം തറയ്ക്കപ്പെടാൻ അനുവദിച്ച അവിടെത്തന്നെ ദൈവം മനുഷ്യന്റെ സമൂലമായ വിമോചനത്തിന്റെ ഉറവിടം സ്ഥാപിച്ചു. ഇത് നമ്മെ നിരന്തരം ആശ്ചര്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു: നമുക്ക് എല്ലാ സ്വാതന്ത്ര്യവും നഷ്ടപ്പെട്ട സ്ഥലം, അതായത് മരണം സ്വാതന്ത്ര്യത്തിന്റെ സ്രോതാസ്സായി മാറിയേക്കാം . ഇതാണ് ദൈവസ്നേഹത്തിന്റെ രഹസ്യം! ഇത് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയില്ല, പക്ഷേ അത് ജീവിച്ചു. യേശു തന്നെ അത് ഈ വാക്കുകളിലൂടെ പ്രഖ്യാപിച്ചിരുന്നു: "ഞാൻ തിരിച്ചെടുക്കുന്നതിനായി എന്റെ ജീവൻ നൽകുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അത് എന്നിൽ നിന്ന് പിടിച്ചെടുക്കുകയല്ല: ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ്. അത് നൽകാനും തിരിച്ചെടുക്കാനുമുള്ള അധികാരം എനിക്ക് ഉണ്ട്" (യോഹന്നാൻ. 10:17–18). മരണത്തിന് സ്വയം കീഴടങ്ങുന്നതിലൂടെ യേശു തന്റെ പൂർണ്ണ സ്വാതന്ത്ര്യം സാക്ഷാത്ക്കരിക്കുന്നു; ഈ രീതിയിൽ മാത്രമേ തനിക്ക് എല്ലാവർക്കും വേണ്ടി ജീവൻ നേടാൻ കഴിയൂ എന്ന് അവിടത്തേക്കറിയാം.

സ്നേഹത്തിന്റെ ഈ രഹസ്യം പൗലോസ് വ്യക്തിപരമായി നേരിട്ട് അനുഭവിച്ചറിഞ്ഞു. അതുകൊണ്ടാണ് അദ്ദേഹം ഗലാത്യരോട് വളരെ ധീരമായ ഒരു ഭാവത്തോടെ ഇങ്ങനെ പറയുന്നത്: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു" (ഗലാത്തിയർ 2:19). കർത്താവുമായുള്ള പരമമായ ഐക്യത്തിന്റെ ആ കർമ്മത്തിൽ, തൻറെ ജീവിതത്തിലെ ഏറ്റവും വലിയ സമ്മാനം തനിക്ക് ലഭിച്ചുവെന്ന് അവിടുന്നറിയുന്നു: സ്വാതന്ത്ര്യം. കുരിശിൽ, വാ

സ്ഥവത്തിൽ, അവിടന്ന് "ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും ആഗ്രഹങ്ങളോടും കൂടി" (5:24) ആണിയടിച്ചു. അപ്പോസ്തലന്റെ വിശ്വാസം എത്രമാത്രം സജീവമായിരുന്നു വെന്ന്, യേശുവുമായുള്ള അടുപ്പം എത്ര വലുതായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും, അതേസമയം, ഒരു വശത്ത്, നമുക്ക് ഇത് ഇല്ലെന്ന അവബോധം നാം പു ലർത്തുമ്പോൾ, മറുവശത്ത്, അപ്പോസ്തലന്റെ സാക്ഷ്യം നമുക്ക് പ്രചോദനം പകരുന്നു. ക്രിസ്ത്യാനി സ്വതന്ത്രനാണ്, സ്വതന്ത്രനായിരിക്കണം, പ്രമാണങ്ങളുടെയും വിചിത്രമായ കാര്യങ്ങളുടെയും അടിമയായിരിക്കാൻ വിളിക്കപ്പെട്ടവനല്ല.

സ്വാതന്ത്ര്യത്തിന്റെ രണ്ടാമത്തെ സ്തംഭം സത്യമാണ്. ഇതിലും, വിശ്വാസത്തിന്റെ സത്യം ഒരു അമൂർത്ത സിദ്ധാന്തമല്ല, പ്രത്യുത, വൈയക്തിക ജീവിതത്തിൻറെ ദൈ നംദിന–ആകമാന പൊരുളിനെ നേരിട്ട് സ്പർശിക്കുന്ന ജീവനുള്ള ക്രിസ്തുവിൻറെ യാ ഥാർത്ഥ്യമാണെന്ന് ഓർക്കേണ്ടതുണ്ട്. വിദ്യഭ്യാസമില്ലാത്ത, വായിക്കാനൊ എഴുതാനോ പോലും അറിയാത്ത, എന്നാൽ ക്രിസ്തുവിന്റെ സന്ദേശം നന്നായി മനസ്സിലാക്കിയ എത്രയോ പേർക്ക് അവരെ സ്വതന്ത്രരാക്കുന്ന ഈ ജ്ഞാനം ഉണ്ട്, ജ്ഞാനസ്നാനത്തിൽ പരിശുദ്ധാത്മാവിലൂടെ അവരിലേക്ക് പ്രവേശിച്ചത് ക്രിസ്തുവിന്റെ ജ്ഞാനമാണ്. ഉദാഹ രണത്തിന്, വലിയ ദൈവശാസ്ത്രജ്ഞരെക്കാൾ, ക്രിസ്തുവിന്റെ ജീവിതം നയിക്കുന്ന, സു വിശേഷത്തിന്റെ സ്വാതന്ത്ര്യത്തിന് വിലയേറിയ സാക്ഷ്യം നൽകുന്ന എത്രയോ പേരെ നാം കണ്ടെത്തുന്നു. ഒരു വ്യക്തിയുടെ ജീവിതത്തെ പരിവർത്തനം ചെയ്യുകയും അവനെ നന്മയിലേക്ക് നയിക്കുകയും ചെയ്യുന്നതിന് ആനുപാതികമായിട്ടാണ് സാതന്ത്ര്യം നമ്മെ സ്വതന്ത്രരാക്കുന്നത്. യഥാർത്ഥത്തിൽ സ്വതന്ത്രരാകാൻ നമ്മൾ നമ്മെത്തന്നെ ഒരു മാനസിക തലത്തിൽ അറിയുക മാത്രമല്ല, എല്ലാറ്റിനുമുപരിയായി നമ്മുടെ ഉള്ളിൽ, അഗാധമായ സത്യം ഉളവാക്കുകയും വേണം. അവിടെ, ഹൃദയത്തിൽ, ക്രിസ്തുവിന്റെ കൃപയിലേക്ക് നമ്മെത്തന്നെ തുറക്കണം. സത്യം നമ്മെ അസ്വസ്ഥരാക്കണം.

ഒരിക്കലും അസ്വസ്ഥരല്ലാത്ത ക്രിസ്ത്യാനികളുണ്ടെന്ന് നമുക്കറിയാം: അവരുടെ ജീവിതം എപ്പോഴും ഒരുപോലെയാണ്, അവരുടെ ഹൃദയത്തിൽ ചലനമില്ല, അവർക്ക് അസ്വസ്ഥ തയില്ല. എന്തുകൊണ്ട്? കാരണം, അസ്വസ്ഥത, പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നു എന്നതിന്റെ സൂചനയാണ്, സ്വാതന്ത്ര്യം എന്നത് സജീവമായ സ്വാത ന്ത്ര്യമാണ്, അത് പരിശുദ്ധാത്മാവിന്റെ കൃപയാൽ ഉണ്ടായതാണ്. അതുകൊണ്ടാണ് സ്വാതന്ത്ര്യം നമ്മെ അസ്വസ്ഥരാക്കേണ്ടതെന്നും അത് നമ്മളെ നിരന്തരം ചോദ്യം ചെയ്യേണ്ടതുണ്ടെന്നും അങ്ങനെ നമ്മൾ യഥാർത്ഥത്തിൽ എന്താണെന്നതിലേക്ക് എപ്പോഴും ആഴത്തിൽ കുതിച്ചുകയറണമെന്നും ഞാൻ പറയുന്നത്. ഈ വിധത്തിൽ നമ്മൾ, സത്യത്തിൻറെയും സ്വാതന്ത്ര്യത്തിൻറെയും പാത ജീവിതകാലം മുഴുവൻ നീ ണ്ടുനിൽക്കുന്ന ആയാസകരമായ യാത്രയാണെന്ന് കണ്ടെത്തുന്നു. സ്വതന്ത്രമായി തുടരുന്നത് ബുദ്ധിമുട്ടാണ്, അത് ഒരു പോരാട്ടമാണ്; പക്ഷേ അത് അസാധ്യമല്ല. ധൈര്യത്തോടെ, നമുക്ക് മുന്നോട്ട് കൊണ്ടുപോകാം, അത് നമുക്ക് ഗുണം ചെയ്യും. കുരിശിൽ നിന്നുള്ള സ്നേഹം നമ്മെ നയിക്കുക യും താങ്ങിനിർത്തുകയും ചെയ്യുന്ന ഒരു യാത്രയാണ ത്: നമുക്ക് സത്യം വെളിപ്പെടുത്തിത്തരുന്നതും നമുക്ക് സ്വാതന്ത്ര്യം നൽകുന്നതുമായ സ്നേഹം. ഇത് സന്തോ ഷസരണിയാണ്. സ്വാതന്ത്ര്യം നമ്മെ സ്വതന്ത്രരാ ക്കുന്നു, നമുക്ക് സന്തോഷം പ്രദാനം ചെയ്യുന്നു. നന്ദി.



SPECIAL FEATURE

# തിരുഹൃദയ വഴിയിലൂടെ, തിരുവചന വഴിയിലൂടെ...


**സി . ജോസ്ന** RJM



വിശുദ്ധാ ക്ലോഡിൻ തെവനെയെക്കുറിച്ചുള്ള കഴിഞ്ഞ ലക്കത്തിലെ എന്റെ ലേഖനം ഞാൻ എഴുതി അവസാനിപ്പിച്ചപ്പോൾ രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം ഇത്തവണ നൽകാമെന്നു പറഞ്ഞിരുന്നു. കഴിഞ്ഞ ലക്കം കാണാതെ പോയവർക്കുള്ള ഓർമ്മപ്പെടുത്തലാകട്ടെ ആദ്യം. വിശുദ്ധാ ക്ലോഡിൻ തെവനെ 185 വർഷങ്ങൾക്കു മുമ്പ് ഈ ലോകത്തിൽ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായി ജീവിച്ചു കടന്നുപോയ ഫ്രഞ്ചുകാരിയായ വിശുദ്ധായാണ്.

ഭാരതത്തിനും നമ്മുടെ കൊച്ചു കേരളത്തിനും ഇപ്പോൾ ഈ വിശുദ്ധായുടെ ജീവിതം പ്രസക്തിയേറ്റുന്നതെങ്ങനെയെന്ന ചോദ്യത്തിനുള്ള മറുപടിയാണ് ആദ്യം. കോവിഡിനുശേഷമുള്ള ഭാരതത്തിലെ സാമൂഹിക സ്ഥിതി ഫ്രഞ്ച് വിപ്ലവാനന്തര കാലഘട്ടത്തോട് ചേർന്നു നിൽക്കുന്നു. അത്രത്തോളം ദാരിദ്ര്യം നമ്മുടെ രാജ്യത്ത് വർദ്ധിച്ചു കഴിഞ്ഞു. ഭക്ഷണവും പാർപ്പിടവും മരുന്നും ഒന്നുമില്ലാതെ ഇന്ത്യയുടെ തെരുവീഥികളിൽ അലയുന്നവരെ ആശ്വസിപ്പിക്കാൻ ഈ വിശുദ്ധായുടെ ജീവിതമാതൃക നമ്മെ പ്രചോദിപ്പിക്കുന്നു. ഇവിടെ നാം വരച്ചിടുന്ന ദാരിദ്ര്യരേഖയ്ക്ക് എന്തു പ്രസക്തി ? പകരം നമ്മിലെ മനുഷ്യത്വം അളക്കുന്ന ഒരു സാങ്കല്പിക രേഖ വരച്ചു നോക്കു. ജീവിതത്തിൽ ദൈവം ഓരോ വ്യക്തിക്കും കൽപ്പിച്ച മനുഷ്യമഹത്വത്തിന്റെ പിന്നാലെയായിരുന്നു വിശുദ്ധായുടെ ജീവിതയാത്രയത്രയും.

കൗമാര ജീവിതത്തിൽ വിശുദ്ധാ പ്രാഥമികപഠനം നടത്തിയത് സെന്റ് പിയറി – ലെസ്–നൊണൈൻസ് മഠം വക സ്കൂളിലായിരുന്നു. 1816–ലാണ് "പ്രൊവിഡൻസ് ഓഫ് സെന്റ് ബ്രൂണോ" എന്ന പേരിലുള്ള ഒരു കാരുണ്യ സേനയ്ക്കു ഫാ. ആന്ദ്രേ കൊയിൻദ്രെ രൂപം നൽകിയിരുന്നു. പഴയൊരു കാർത്തൂസിയൻ ആശ്രമ മന്ദിരത്തിലായിരുന്നു ഈ സംഘത്തിന്റെ ഓഫീസ് . യുവതികളുടെയും പെൺകുട്ടികളുടെയും വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ "പയസ് യൂണിയൻ" എന്ന പേരിലുള്ള




പ്രസ്ഥാനം ഏറ്റെടുത്തു. 1817–ൽ ഫാ. കൊയിൻ ദ്രെ ഈ സ്നേഹ കാരുണ്യ ശുശ്രൂഷകൾക്ക് മറ്റൊരു പേര് നൽകി "പ്രൊവിഡൻസ് ഓഫ് ദി സേക്രഡ് ഹാർട്ട്" ഈ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി സിസ്റ്റർ തെവനെ തെരഞ്ഞെടുക്കപ്പെട്ടു. ഒരു ദിവസം ഫാ. കൊയിൻദ്രെ കുനി വിറച്ചു കൊണ്ടിരിക്കുന്ന രണ്ട് കുട്ടികളെ സിസ്റ്ററിന്റെ അരികിലെത്തിച്ചു. അതോടെ അനാഥക്കുരുന്നുകൾക്കായും വിശുദ്ധ സ്നേഹത്തണലൊരുക്കാൻ തുടങ്ങി. 1818 ഒക്ടോബർ 6ന് ഈ പ്രസ്ഥാനം 'റിലീജിയസ് ഓഫ് ജീസസ് ആൻഡ് മേരി' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഇതിനിടെ രണ്ടിടങ്ങളിലേക്ക് ഈ ജീവകാരുണ്യ പ്രസ്ഥാനത്തിന്റെ ആസ്ഥാനം മാറുകയുണ്ടായി. 1835–മുതൽ വിശുദ്ധയുടെ ആരോഗ്യം ക്ഷയിക്കാൻ തുടങ്ങി. 1837–ൽ വിശുദ്ധയുടെ ആത്മാവ് കർത്താവിന്റെ സന്നിധിയിലേക്ക് പറന്നുയർന്നു പിയൂസ് ഒമ്പതാമൻ മാർപ്പാപ്പ ഈ സന്യാസ സമൂഹത്തിന് പൊന്തിഫിക്കൽ പദവി നൽകി.

ഇല്ലാപ്പാവങ്ങളുടെ നിരനീളുമ്പോൾ ....

വിശുദ്ധയുടെ നാമകരണ നടപടികളുടെ തുടക്കത്തിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായി. വിശുദ്ധയുടെ രചനകൾക്ക് 'ഓർത്ത്ഡോക്സ്" ശൈലിയുണ്ടെന്ന് ദൈവശാസ്ത്രജ്ഞന്മാർ വാദിച്ചുവെങ്കിലും അവയിൽ ഒന്നും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾക്ക്
വിരുദ്ധമായതൊന്നും അവർക്ക് കണ്ടെത്താനായില്ല. 1973 ആഗസ്റ്റ് 23ന് ദൈവദാസി, 1978 ഫ്രെബ്രുവരി 9 ന് ധന്യ എന്നീ പദവികളിലേക്ക് സഭ സിസ്റ്ററിനെ ഉയർത്തി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ സിസ്റ്റർ ക്ലോഡിൻ തെവനെയെ 1993 മാർച്ച് 21 ന് വിശുദ്ധയായി പ്രഖ്യാപിച്ചു.

നമുക്കു ചുറ്റും ഇല്ലാപ്പാവങ്ങളുടെ നിര നീളുമ്പോൾ, അവരിലേക്ക് കൈനീട്ടാൻ വിശുദ്ധ നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. തന്റെ ആത്മീയ പിതാവ് "നിന്നെ ദൈവം തെരഞ്ഞെടുത്തിരിക്കുന്നു" എന്നു പറഞ്ഞതോടെ, സിസ്റ്റർ ക്ലോഡിനു മുമ്പിൽ തുറക്കപ്പെട്ട ജീവിതപാതയുടെ തുടർപടവുകൾ നമ്മുടെ മുമ്പിലുമുണ്ട്. ദൈവം തെരഞ്ഞെടുക്കപ്പെട്ടുവെന്ന ആത്മീയ പിതാവിന്റെ സ്വരം ഒരു വിശുദ്ധ ജീവിതത്തിലേക്ക് സിസ്റ്റർ നയിച്ച ജീവിത പരിസരത്തെക്കുറിച്ച് അടുത്ത ലക്കത്തിൽ പറയാം

(തുടരും)



# കാരുണ്യനാഥയുടെ ചിത്രം പറയും വല്ലാർപാടത്തെ അടിമനേർച്ചപ്പണമൊഴുകിയ

# പൗരാണിക പുണ്യവഴികൾ

**ഫാ. ആന്റണി വാലുങ്കൽ**
**റെക്ടർ വല്ലാർപാടം ബസിലിക്ക**



മാതാവിന്റെ പല അപദാനങ്ങളും നമുക്ക് പരിചിതമാണല്ലോ. എന്നാൽ നമുക്ക് അത്ര പരിചിതമല്ലാത്ത പ്രകീർത്തനമാണ് മിഷണറിമാരുടെ മദ്ധ്യസ്ഥ എന്നത്. എന്നാൽ അടിമകളുടെ ബന്ധന വിമോചകനാഥയായ മറിയം മിഷന്റെ മദ്ധ്യസ്ഥയാണ്.

1218–ൽ കാരുണ്യവതിയായ മാതാവ് വി. പീറ്റർ നൊളാസ്ക്കോ, വി. റൈമുണ്ട്, വാഴ്ത്തപ്പെട്ട ജെയിംസ് രാജാവ് എന്നിവർക്ക് പ്രത്യക്ഷയായി, മൂർ വംശജർ അടിമകളാക്കിയിരിക്കുന്നവരെ സ്വതന്ത്രരാക്കുന്നതിനും അവരെ ക്രൈസ്തവരായി ജീവിക്കാൻ അനുവദിക്കുന്നതിനും ഒരു സഭ തുടങ്ങുവാൻ ആവശ്യപ്പെട്ടു. പരിശുദ്ധ അമ്മ ആവശ്യപ്പെട്ടതനുസരിച്ച് അവർ ബന്ധകവിമോചക നാഥയായ പരിശുദ്ധ കാരുണ്യനാഥയുടെ ഒരു സഹോദരസംഘം ആരംഭിക്കുകയും, അടിമകളെ സ്വതന്ത്രരാക്കി അനേകരെ അന്നത്തെ മുഹമ്മദീയരിൽ നിന്ന് രക്ഷിച്ച് സത്യസഭയിലേക്ക് ചേർത്തു. പ്രസ്തുത സഖ്യം വളരെവേഗം സ്പെയിനിൽനിന്ന് ഫ്രാൻസ്, ഇംഗ്ലണ്ട്, ജർമ്മനി, പോർച്ചുഗൽ തുടങ്ങിയ നാടുകളിലേക്ക് വ്യാപിച്ചു. അന്നത്തെ മുഹമ്മദീയരുടെ ശല്യം അനുഭവിക്കുന്നിട



ത്തെല്ലാം മിഷൻ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി കാരുണ്യവതിയായ ബന്ധക വിമോചകനാഥയുടെ തിരുസ്വരൂപം സ്ഥാപിക്കുകയെന്നത് പോർച്ചുഗീസുകാരുടെ ഒരു പതിവായി.

**വല്ലാർപാടത്തിന്റെ ചരിത്രം**

കൊച്ചിയിൽ എത്തിയ പോർച്ചുഗീസുകാർക്ക് ആദ്യം നേരിടേണ്ടിവന്നത് വാണിജ്യരംഗത്ത് കുത്തകകളായിരുന്ന അറബികളുടെ
ആക്രമണമായിരുന്നു. ഇതിനു പരിഹാരമായി കൊച്ചിയോടു ചേർന്നുകിടക്കുന്ന വല്ലാർപാടം ദേശത്ത് ബന്ധന വിമോചകനാഥയായ കാരുണ്യനാഥയുടെ തിരുച്ചിത്രം സ്ഥാപിക്കുകയും അമ്മയുടെ മാദ്ധ്യസ്ഥ്യം മിഷൻ പ്രവർത്തന വിജയത്തിനായി തേടുകയും ചെയ്തു. സാവധാനത്തിൽ പോർച്ചുഗീസുകാർക്ക് കൊ

ച്ചിയിൽ മിഷൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു. താമസംവിനാ കൊച്ചി കേന്ദ്രമാക്കി ഒരു രൂപതപോലും സ്ഥാപിക്കുന്നതിന് മിഷണറിമാർക്ക് സാധിച്ചു.

## ദൈവ ജനനിയുടെ ചിത്രം

1676–ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ബന്ധനവിമോചകനാഥയുടെ തിരുച്ചിത്രം സൂക്ഷിച്ചിരുന്ന പള്ളി തകരുകയും തിരുസ്വരൂപം നഷ്ടമാവുകയും ചെയ്തു. കാരുണ്യവതിയായ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം മറ്റൊരു അത്ഭുതത്തിന് ഇതിലൂടെ പാത്രമായി. കൊച്ചി രാജാക്കന്മാരുടെ മന്ത്രിസ്ഥാനം വഹിച്ചിരുന്ന പാലിയത്ത് രാമൻ വലിയച്ചൻ വലിബോട്ടുമാർഗ്ഗം ചേന്ദമംഗലത്തേക്കു യാത്രയാകയാൽ പ്രസ്തുത ഛായാചിത്രം അദ്ദേഹത്തിന്റെ ദൃഷ്ടികളിൽപെട്ടു. ക്രിസ്ത്യാനികൾ വണങ്ങിവരുന്ന ദൈവജനനിയുടെ തൃപ്പടം കണ്ടെത്തിയ അദ്ദേഹം കൂടുതൽ സുരക്ഷിതമായ ഒരു സ്ഥലത്ത് ഇതു വച്ച് വണങ്ങുന്നതിനായി അന്ന് കമ്പിഞ്ഞക്കാട് എന്നറിയപ്പെടുന്ന ഇന്ന് പള്ളിയിരിപ്പ് സ്ഥലത്ത് ഒന്നര ഏക്കർ ഭൂമി കരമൊഴിവാക്കി പള്ളി പണിയാനായി നൽകി.

## വല്ലാർപാടവും വിജയപുരം രൂപതയും

എ.ഡി. 1718–ൽ കേരളത്തിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന യോഹന്നാൻ ബപ്റ്റീസ്റ്റ മുൽത്തോദോ ഒരു സഹോദരസഖ്യം തുടങ്ങുവാനുള്ള അനുവാദം വല്ലാർപാടത്തുകാർക്കു നൽകി. അതിൽപ്പിന്നെ ജാതിമത ഭേദമെന്യേ സ്ത്രീപുരുഷന്മാർ അമ്മയുടെ സന്നിധിയിലേക്ക് കടന്നുവരികയും തങ്ങളെത്തന്നെ അടിമകളാക്കി മറിയത്തിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അന്ന് അവർ സഖ്യത്തിൽ അംഗമാകാൻ നൽകിയിരുന്ന ഒരു പുത്തൻ ഒരുമിച്ചുചേർത്ത് മിഷൻ പ്രവർത്തനങ്ങൾക്കായി നൽകിയിരുന്നു. കൂടാതെ വല്ലാർപാടം പള്ളിയിലെ പ്രധാന വരുമാനമായിരുന്ന പരിശുദ്ധ ബന്ധന വിമോചകനാഥയുടെയും പരിശുദ്ധാരൂപിയുടെയും തിരുനാൾ ദിനങ്ങളിലെ മുഴുവൻ തുകയും മിഷൻ പ്രവർത്തനങ്ങൾക്കായി അതിരൂപതാദ്ധ്യക്ഷനെ ഏൽപ്പിച്ചുപോന്നു. വരാപ്പുഴയിൽനിന്ന് വിജയപുരം വേർപിരിയുന്നതിനുമുൻപുവരെ ഈ തുകകൾ വിജയപുരം മിഷനുവേണ്ടിയാണ് ഉപയോഗിച്ചുപോന്നത്.

1718–ൽ സ്ഥാപിക്കപ്പെട്ട സഹോദരസഖ്യം ഒരു കൊമ്പ്രേര്യ സഖ്യമാക്കി മാറ്റുവാനുള്ള അനുവാദം 1750–ൽ റോമിൽനിന്ന് ലഭിക്കുകയുണ്ടായി. അങ്ങനെ ഒരു കൊമ്പ്രേര്യ സഖ്യവും അതുകൂടാതെ ജാതിമതഭേദമെന്യേ സകലരെയും അമ്മയ്ക്ക് സമർപ്പിക്കുന്ന ഒരു പൊതുസഖ്യവും വല്ലാർപാടത്ത് നിലവിൽവന്നു. ഈ സഖ്യം സ്ഥാപനത്തിന്റെ വലിയാരടയാളം 1752–ൽ ഉണ്ടായി. അത് രണ്ടുദിവസത്തോളം വെള്ളത്തിനടിയിലായിരുന്ന മീനാക്ഷിയമ്മയുടെയും കുഞ്ഞിന്റെയും തിരിച്ചുവരവായിരുന്നു.

ചെറുപ്പംമുതലേ മറ്റേതൊരു വല്ലാർപാടംകാരെയുംപോലെ മീനാക്ഷിയമ്മ മാതാവിന്റെ അടിമയായിരുന്നു. അങ്ങനെയിരിക്കയിൽ കുഞ്ഞിന്റെ ആദ്യ ചോറൂണകർമ്മത്തിനായി മട്ടാഞ്ചേരിയിലേക്ക് യാത്രയായ മീനാക്ഷിയമ്മയും കുഞ്ഞും വഞ്ചിയപകടത്തിൽപ്പെട്ട് കാണാതായി. വഞ്ചിയിലുണ്ടായിരുന്ന മറ്റുള്ളവർ നീന്തി രക്ഷപ്പെട്ടു. രണ്ടുനാൾ പിന്നിട്ടപ്പോൾ മീനാക്ഷിയേയും കുഞ്ഞിനെയും കുറിച്ചുള്ള പ്രതീക്ഷ ബന്ധുക്കൾ കൈവിട്ടു. എന്നാൽ അന്ന് വികാരിയായിരുന്ന

ബഹുമാനപ്പെട്ട മിഖായേൽ കൊറയ അച്ചന് മാതാവ് ദർശനംനൽകിക്കൊണ്ട് മീനാക്ഷിയമ്മയും കുഞ്ഞും പരിശുദ്ധ അമ്മയുടെ അങ്കിക്കീഴിൽ സുരക്ഷിതരാണെന്നും, നിശ്ചിത സ്ഥലത്ത് വലയെറിഞ്ഞാൽ അവരെ കിട്ടും എന്നും അറിയിച്ചു. അതിൻപ്രകാരം വലയെറിഞ്ഞപ്പോൾ അമ്മയെയും കുഞ്ഞിനെയും സുരക്ഷിതരായി തിരിച്ചുകിട്ടി. "വല്ലാർപാടത്തമ്മേ രക്ഷിക്കണേ" എന്ന് നീട്ടിവിളിച്ചാൽ കാരുണ്യനാഥ അവരെ ഉപേക്ഷിക്കുകയില്ലെന്നതിനു ഉത്തമോദാഹരണമായി ഈ സംഭവം നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ മീനാക്ഷിയമ്മയുടെ പിൻതലമുറക്കാർ ഇപ്പോഴും തിരുനാൾ ദിനങ്ങളിൽ പള്ളിയിലെത്തി മോരു വിതരണം നടത്തിവരുന്നു.
ബന്ധന വിമോചകയുടെ ചിത്രം വരയ്ക്കുമ്പോൾ മാതാവിന്റെ മേലങ്കിക്കീഴിൽ സുരക്ഷിതരായി നിൽക്കുന്ന പലരുടെയും ചിത്രം കാണാം. അതുപോലെ പിൽക്കാലത്ത് അമ്മയുടെ അടിമയായി, മറിയത്തിന്റെ വലിയ സംരക്ഷണം നേടിയ മീനാക്ഷിയമ്മയുടേയും കുഞ്ഞിന്റെയും ചിത്രം പരിശുദ്ധ മറിയത്തിന്റെയും ഉണ്ണീശോയുടെയും ചിത്രത്തോട് ചേർക്കപ്പെട്ടു. അങ്ങനെ പോർച്ചുഗീസുകാരാൽ നിർമ്മിതമായ ബന്ധന വിമോചകനാഥയുടെ ചിത്രത്തിൽ കേരളീയ ചിത്രകാരന്മാരുടെ കൈയ്യൊപ്പ്കടന്നുവന്നു.
1888–ൽ 13–ാം ലെയോ പാപ്പ ദൈവജനനിയുടെ തിരുച്ചിത്രം സ്ഥാപിച്ചിരിക്കുന്ന അൾത്താരയ്ക്ക് ഒരു പ്രത്യേക പദവി കല്പിച്ചുനൽകി. തൽഫലമായി ഈ ബലിപീഠത്തിൽ അർപ്പിക്കപ്പെടുന്ന എല്ലാ ദിവ്യപൂജകൾക്കും വിശേഷവിധിയായി ഓരോ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കും. 1895–ൽ വരാപ്പുഴ അതിരൂപതാദ്ധ്യക്ഷൻ കൊല്ലം, കൊച്ചി രൂപതാദ്ധ്യക്ഷന്മാരുടെ സഹകാർമ്മികത്വത്തിൽ ഈ പള്ളിയെ പൂർണ്ണമായും അഭിഷേകംചെയ്തു.
1951–ൽ കേന്ദ്ര സർക്കാർ ഇതിനെ വലിയൊരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. 2002–ൽ കേരള സർക്കാർ ഇതിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി ഉൾപ്പെടുത്തി. 2004–ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ ദൈവാലയത്തെ ഒരു മൈനർ ബസിലിക്കയായും ഇതേ വർഷത്തിൽ സി.സി.ബി.ഐ. ഇതിനെ ദേശീയ തീർത്ഥാടന കേന്ദ്രമായും ഉയർത്തി.

ഇങ്ങനെ 500 വർഷം നീളുന്ന വല്ലാർപാടം ബസിലിക്കയിലെ എല്ലാ മഹത്വത്തിനും നിദാനമായി നിൽക്കുന്ന ബന്ധന വിമോചകനാഥയുടെ തിരുച്ചിത്രം ഇവിടെയാരംഭിക്കപ്പെട്ട ക്രൈസ്തവ മിഷന്റെ കേന്ദ്രമാണ്. മിഷൻ പ്രദേശങ്ങൾക്കു വേണ്ടി ദീർഘനാൾ വല്ലാർപാടം ദൈവാലയം ചെയ്ത ശുശ്രൂഷയ്ക്ക് പ്രേരകയായി നിലകൊള്ളുവാൻ 1218–ൽ അമ്മ ബന്ധന വിമോചനത്തിനായി നൽകിയദൗത്യമാണ്. ആയതിനാൽ പോർച്ചുഗൽ, സ്പെയിൻ മുതലായ നാടുകളിലേതുപോലെ വല്ലാർപാടം ദേശത്തെയും ഈ അമ്മ മിഷൻ കേന്ദ്രമാക്കി രൂപപ്പെടുത്തി.

### വല്ലാർപാടത്തമ്മയുടെ 500 വർഷം പഴക്കമുള്ള ചിത്രം: പുനഃപ്രതിഷ്ഠിച്ചു

ചരിത്രപ്രസിദ്ധമായ വല്ലാർപാടം ബസിലിക്കയുടെ പ്രധാന അൾത്താരയിൽ സ്ഥാപിച്ചിരുന്ന 500 വർഷങ്ങൾക്ക് മേൽ പഴക്കമുള്ള പരിശുദ്ധ കാരുണ്യ മാതാവിന്റെ പുരാതന പെയിന്റിംഗ് ശാസ്ത്രീയമായ രീതിയിൽ സംരക്ഷണം നട



ത്തിയതിനു ശേഷം പുനഃപ്രതിഷ്ഠിച്ചു. വരാപ്പുഴ അതിരൂപത വികാരി ജനറാൾ മോൺ.മാത്യു കല്ലിങ്കലിന്റെ നേതൃത്വത്തിലാണ് പുനഃപ്രതിഷ്ഠാചടങ്ങുകൾ നടത്തിയത്. ചടങ്ങിൽ വല്ലാർപാടം പള്ളിയുടെ ചരിത്രവുമായി ബന്ധപ്പെട്ട ചേന്ദമംഗലം, പാലിയത്ത് കൃഷ്ണബാലനച്ചൻ, പള്ളി വീട്ടിൽ അജിത്ത് കുമാർ എന്നിവരും സന്നിഹിതരായിരുന്നു. തുടർന്ന് ദിവ്യബലിയിൽ മോൺ.മാത്യു കല്ലിങ്കൽ മുഖ്യ കാർമ്മികനായിരുന്നു.

അഞ്ഞൂറിലേറെ വർഷങ്ങൾ പഴക്കമുള്ളതും 95 X 75 സെ.മി വലുപ്പമുള്ള ഒറ്റപ്പലകയിൽ എണ്ണച്ചായത്തിൽ തീർത്തതുമായ ഈ പെയിന്റിംഗിന് കാലപ്പഴക്കത്താൽ വന്നുപോയ പല വിധത്തിലുള്ള കേടുപാടുകളാണ്, ഇപ്പോൾ ശാസ്ത്രീയമായ സംരക്ഷണ രീതികൾ ഉപയോഗിച്ച് പരിഹരിച്ചിരിക്കുന്നത്.
പോർച്ചുഗലിലെ ലിസ്ബണിൽ നിന്നും കൊണ്ടുവന്ന ഈ ഛായാചിത്രത്തിൽ മറിയത്തിന്റേയും ഉണ്ണിയേശുവിന്റേയും രൂപങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് 1752 ൽ പള്ളി വീട്ടിൽ മീനാക്ഷിയമ്മയും കുഞ്ഞും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യ സഹായത്താൽ വഞ്ചിയപകടത്തിൽ നിന്നും രക്ഷ നേടിയതിന്റെ സാക്ഷ്യമായി 1800 കളിലാണ് മീനാക്ഷിയമ്മയുടേയും കുഞ്ഞിന്റേയും രൂപങ്ങൾ കൂടി തദ്ദേശീയ ചിത്രകാരന്മാർ ഇതിൽ വരച്ച് ചേർത്തത്. തൽഫലമായി ഇൻഡോ-പോർച്ചുഗൽ സംസ്കൃതിയുടെ ഉത്തമോദാഹരണമായി മാറി ഈ വിശുദ്ധ ചിത്രം.

ഈ ചിത്രം വല്ലാർപാടത്തേ ദേവാലയത്തിൽ സ്ഥാപിച്ചതിന്റെ അഞ്ഞൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായിട്ടാണ് ചിത്രത്തിന്റെ സംരക്ഷണ പദ്ധതി ആവിഷ്ക്കരിച്ചതെന്ന് റെക്ടർ ഫാ.ആൻറണി വാലുങ്കൽ അറിയിച്ചു. വരാപ്പുഴ അതിരൂപത ആർട്ട് ആന്റ് കൾച്ചറൽ കമ്മീഷൻ ഡയറക്ടർ ഫാ.അൽഫോൺസ് പനക്കലിന്റെ മേൽനോട്ടത്തിൽ, കലാ സംരക്ഷണ വിദഗ്ദനായ സത്യജിത് ഇബ്ൻ, പൂനയിലെ സപുർസ മ്യൂസിയം കൺസർവേറ്റർ ശ്രുതി ഹഢേകാർ എന്നിവരാണ് ചിത്രത്തിന്റെ സംരക്ഷണ ജോലികൾ നിർവ്വഹിച്ചത്.




കരുതലിന്റെ 60 വർഷം

# വജ്ര ജൂബിലി നിറവിൽ ഇഎസ്എസ്എസ്

വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി 2022 ആഗസ്റ്റ് 28ന് 60-ാം പിറന്നാൾ നിറവിൽ . അതിരൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാപൊലിത്തയായ ദൈവദാസൻ ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി പിതാവിന്റേയും സൊസൈറ്റിയുടെ ആദ്യ പ്രസിഡണ്ടായ ഫാ. ജെറോം പയ്യപ്പിള്ളി ഒസിഡിയുടെയും ദീർഘവീക്ഷണവും പാവങ്ങളോടുള്ള കരുതലുമാണ് 1962 ആഗസ്റ്റ് 28 ന് ഇഎസ്എസ്എസിന്റെ രൂപീകരണത്തിന് നിദാനമായത്. എറണാകുളം, തൃശ്ശൂർ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന നാനാജാതി മതസ്ഥരായ മത്സ്യ തൊഴിലാളികളുടെയും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഇതര ജനവിഭാഗങ്ങളുടെയും സാമൂഹ്യ സംഘാടനം, ശാക്തീകരണം, അധികാരവികേന്ദ്രീകരണം എന്നിവയിലൂടെ നീതിയിലധിഷ്ഠിതമായി ഒരു സാമൂഹ്യ നിർമിതിയാണ് ഇ.എസ്.എസ്.എസ് ലൂടെ വിഭാവനം ചെയ്യപ്പെട്ടത്. ക്രാന്തദർശികളും കർമനിരതരുമായ അഭിവന്ദ്യ പിതാക്കന്മരുടേയും ഡയറക്ടർമാരുടെയും നേതൃത്വത്തിലും നിരവധിയായ സ്റ്റാഫ് അംഗങ്ങളുടെയും വില്ലേജ് ഓർഗനൈസർമാരുടെയും മറ്റു അഭ്യുദയകാംക്ഷികളുടെയും പരിശ്രമത്താലും സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ നിർമാർജനം, തൊഴിലാളി ക്ഷേമം, കുടുംബ ശാക്തീകരണം, ആരോഗ്യ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നൈപുണ്യ വികസനം, ദുരന്ത നിവാരണം തുടങ്ങിയ വിവിധ മേഖലകളിൽ അനുകരണീയമായ മാതൃകകൾ സൃഷ്ടിക്കാൻ ഇഎസ്എസ്എസിന് സാധിച്ചു.

### അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങി നിന്നിരുന്ന സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ ഇഎസ്എസ്എസ് വഹിച്ച പങ്ക് നിസ്തുലമാണ്. സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി 25 വർഷം മുമ്പ് ആരംഭിച്ച മൈത്രി സ്ത്രീ സ്വയം സഹായ സംഘങ്ങൾ അവരുടെ സാമൂഹികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ അഭിവൃദ്ധിക്ക്കൂടി കാരണമായി. പഞ്ചായത്ത് മുതൽ കോർപ്പറേഷൻ വരെയുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇഎസ്എസ്എസ്ന്റെ സ്ത്രീ സ്വയം സഹായ സംഘങ്ങൾ തിരഞ്ഞെടുക്കപ്പെട്ടത് ഈ മാറ്റത്തെ അടയാളപ്പെടുത്തുന്നു. നാളിതുവരെ 1500ൽ അധികം സ്ത്രീ സ്വയം സഹായ സംഘങ്ങൾക്ക് രൂപം നൽകുവാൻ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്

### തൊഴിലാളി ശാക്തീകരണം

തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളെയും വ്യവസായ മേഖലയിലെ ഫാക്ടറി തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ടാണ് ഫാ. ജെറോം പയ്യപ്പിള്ളി ഇഎസ്എസ്എസിന്റെ സാമൂഹ്യപ്രവർത്തനം ആരംഭിക്കുന്നത്. ഇന്ന് അസംഘടിത മേഖലയിലെ തൊഴിലാളികളെ, പ്രത്യേകിച്ച് കെട്ടിട നിർമാണ തൊഴിലാളികൾ ഗാർഹിക തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരുടെ സമഗ്രമായ വികസനത്തിനും ശാക്തീകരണത്തിനും നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനമായി ഇഎസ്എസ്എസ് മാറി. ഇപ്രകാരം 10000 ത്തിൽ അധികം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ഇ.എസ്.എസ്.എസ് ന് സാധിച്ചു എന്നത് ഏറെ അഭിമാനകരമാണ്. കെസിബിസിയുടെ നേതൃത്വത്തിലുള്ള കേരള ലേബർ മൂവ്മെന്റുമായി (കെഎൽഎം) ചേർന്നു കൊണ്ടാണ് എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്.

### ആരോഗ്യ പരിപാലനം

ആരോഗ്യരംഗത്ത് വളരെയധികം പിന്നാക്കം നിന്നിരുന്ന ഒരു ജനസമൂഹത്തെ ഇന്നു നാം കാണുന്ന വിധം മെച്ചപ്പെട്ടഅവസ്ഥയിലേക്ക് എത്തിക്കുന്നതിൽ വരാപ്പുഴ അതിരൂപതയും എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും വഹിച്ച പങ്ക് എടുത്തു പറയേണ്ടതാണ്. ഷെവലിയാർ ഡോക്ടർ ഹെൻട്രി ആഞ്ഞിപ്പറമ്പിൽ, ഡോക്ടർ റജീന ഹെൻട്രി ദമ്പതികൾ നടത്തിയ സൗജന്യ സേവനങ്ങൾ തീരദേശ മേഖലയുടെ ആരോഗ്യ സംരക്ഷണത്തിന് കരുത്തുപകർന്നു. തീരദേശ മേഖലയിൽ എറണാകുളം ലൂർദ് ഹോസ്പിറ്റൽ, പെരുമ്പിള്ളി ക്രിസ്തുജയന്തി ഹോസ്പിറ്റൽ എന്നിവയുടെ സഹകരണത്തോടെ ആരംഭിച്ച ആർദ്രം ഹെൽത്ത് ക്ലിനിക്കുകളും, മറ്റു വിവിധ ആശുപത്രികളുടെ സഹകരണത്തിലൂടെ നടപ്പിലാക്കുന്ന നേത്ര പരിശോധന ക്യാമ്പുകളും മറ്റു മെഡിക്കൽ ക്യാമ്പുകളും, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയും, ഹൈബി ഈഡൻ എംപിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഡയാലിസിസ് ചലഞ്ചും ഇവയിൽ ചിലതാണ്.

**ദുരന്തനിവാരണവും അടിയന്തര സഹായവും**

സവിശേഷമായ ഭൂപ്രകൃതി കൊണ്ടും വിസ്തൃതമായ തീരമേഖലയുടെ സാന്നിധ്യം കൊണ്ടും നിരന്തരമായ പ്രകൃതിക്ഷോഭങ്ങൾക്ക് സാധ്യതയുള്ള പ്രദേശമാണ് ഇഎസ്എസ്എസിന്റെ പ്രവർത്തന മേഖല. അതിരൂപതയുടെ ബഹുഭൂരിപക്ഷം വരുന്ന തീരദേശ മേഖലയിൽ വർഷാവർഷങ്ങളിൽ ഉള്ള കടൽക്ഷോഭവും മഴക്കെടുതികളും സാധാരണമാണ്. 2004ലെ സുനാമി അതിരൂപതയുടെ ഒരു വിഭാഗത്തെ മാത്രം ബാധിച്ചു എങ്കിൽ 2018ലെ പ്രളയവും കൊവിഡ് 19 ഉം നമ്മെ മുഴുവനായിത്തന്നെ ബാധിച്ചു എന്നു പറയാം. കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടു കൂടെ ഇഎസ്എസ്എസ് വൈപ്പിൻ മേഖലയിലും കടമക്കുടി പഞ്ചായത്തിലും നടപ്പിലാക്കിയ ദുരന്തനിവാരണ പദ്ധതികൾ ദുരന്ത ലഘൂകരണത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്കും സമൂഹത്തിനും ഉള്ള പ്രാധാന്യം മനസിലാക്കിക്കൊണ്ടുള്ളതാണ്. ഇതിലൂടെ വാർഡ്, പഞ്ചായത്ത് തല ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും ദുരന്ത ജാഗ്രത സമിതികളെ രൂപീകരിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഡിസാസ്റ്റർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും ഇഎസ്എസ്എസിന് സാധിച്ചിട്ടുണ്ട്.

**നൈപുണ്യ വികസനം – സംരംഭകത്വ പ്രോത്സാഹനം**

സാധാരണക്കാരായ വ്യക്തികൾക്ക് സ്വയംതൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കി അവരെ കുറഞ്ഞ പലിശ നിരക്കിൽ ഉള്ള വായ്പകൾ ലഭ്യമാക്കി സംരംഭകത്വത്തിലേക്കും തൊഴിൽ മേഖലയിലുള്ള പങ്കാളിത്തത്തിലേക്കും അതുവഴി സാമ്പത്തികമായ അഭിവൃദ്ധിയിലേക്കും കൈപിടിച്ചു നടത്തുന്നതിന് നിരവധിയായ പദ്ധതികൾ ഇഎസ്എസ്എസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നൈപുണ്യ വികസനത്തിനുവേണ്ടി ആരംഭിച്ച ഇഎസ്എസ്എസ് സെന്റർ ഫോർ ലേർണിങ് വഴി നടപ്പിലാക്കുന്ന കേന്ദ്രസർക്കാർ അംഗീകൃത സ്വയംതൊഴിൽ പരിശീലന പരിപാടികൾ ഇത്തരത്തിൽ എടുത്തു പറയേണ്ട ഒന്നാണ്. 2022 – 2023 സാമ്പത്തിക വർഷത്തിൽ 600 സ്ത്രീ സംരംഭകരെ വാർത്തെടുക്കുന്ന സംരംഭക പദ്ധതി ഈ ജൂബിലി വർഷത്തിൽ ആരംഭം കുറിക്കുന്നു എന്നുള്ളത് ഏറെ അഭിമാനകരമാണ്.

**സാമ്പത്തിക ഉൾചേർക്കൽ**

സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ആളുകളെ സമ്പാദ്യശീലം വളർത്തുന്നതിന് 1991 ൽ ഇഎസ്എസ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് മൈത്രി ലഘു സമ്പാദ്യ പദ്ധതി. ഇന്നത് ഇഎസ്എസ് മൈത്രി നിധി ലിമിറ്റഡ് എന്ന സ്വതന്ത്ര സ്ഥാപനമായി വളർന്ന് 10,000ത്തിലധികം കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ രൂപപ്പെടുത്തുന്നതിൽ നിർണായകമായി എന്നുള്ളത് ഏറെ അഭിമാനകരമാണ്.




**പരിസ്ഥിതി സംരക്ഷണം**

അധിവസിക്കുന്ന പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ തന്നെ ഉത്തരവാദിത്വമാണ്. എന്നാൽ പലപ്പോഴും വികസനത്തിന്റെ വഴിയെ പോകുമ്പോൾ ഉത്തരവാദിത്വത്തിൽനിന്ന് നാം പിന്നോട്ട് പോകാറുണ്ട്. അതുകൊണ്ടുതന്നെ പരിസ്ഥിതിയുടെ സംരക്ഷണവും പ്രകൃതി വിഭവങ്ങളുടെ കരുതലോടെയുള്ള ഉപയോഗവും നാളെയുടെ നിലനിൽപ്പിന് ആവശ്യമാണെന്ന ബോധ്യം നമ്മുടെ സമൂഹത്തിൽ വളർത്തുന്നതിന് വേണ്ടിയുള്ള വിവിധ പരിപാടികൾ കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്നു. ജൈവകൃഷി, അടുക്കളത്തോട്ടം, സാമൂഹിക വനവൽക്കരണം, ജലസംരക്ഷണം, ഊർജ സംരക്ഷണം തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

**ദുർബല വിഭാഗങ്ങളുടെ സംരക്ഷണം**

ഭിന്നശേഷിക്കാർ, വിധവകൾ, ഏകസ്ഥർ, വയോജനങ്ങൾ എന്നിവരുടെ ശാക്തീകരണവും സാമൂഹ്യ ക്ഷേമവും ആണ് ഇഎസ്എസ്എസ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇവർക്കായുള്ള സ്വയം സഹായ സംഘങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, മാനസിക പിന്തുണ, കൗൺസിലിംഗ് സർവീസുകൾ എന്നിവ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു. വയോജനങ്ങൾക്കായുള്ള നൂറിലധികം സായംപ്രഭ ഗ്രൂപ്പുകൾ ഇഎസ്എസ്എസിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2000ൽ അധികം ഭിന്നശേഷിക്കാർക്കും, 1800 ഓളം വിധവകൾക്കും 1000 ത്തോളം ഏകസ്ഥർക്കും കരുത്ത് പകരുവാൻ ഇഎസ്എസ്എസിന് സാധിച്ചു എന്നുള്ളത് ഏറെ അഭിമാനകരമാണ്.

**ഇൻഷുറൻസ് – ക്ഷേമ പദ്ധതികൾ**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ആരോഗ്യ ലൈഫ് ഇൻഷുറൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി പ്രത്യേക പരിഗണന നൽകുന്നുണ്ട്. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നിവയുമായി ചേർന്നാണ് ഇഎസ്എസ്. എസ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതുകൂടാതെ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമനിധി ബോർഡുകളുമായി ചേർന്നുകൊണ്ട് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും വാങ്ങിച്ചു നൽകുന്നതിൽ സൊസൈറ്റി അതീവ ജാഗ്രത പുലർത്തുന്നു.

**അടിസ്ഥാന സൗകര്യങ്ങളുടെ വികസനം**

ഇഎസ്എസ്എസിന്റെ ആരംഭ കാലം മുതലേ ഏറെ പ്രാധാന്യം കൊടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് അടിസ്ഥാന സൗകര്യ വികസനം. ഇതിലൂടെ 5000 ൽ അധികം ഭവനരഹിതരായവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനും, വീടുകൾ വാസയോഗ്യമാക്കുന്നതിനും, പരിസ്ഥിതി സൗഹൃദ ടോയ്ലറ്റുകൾ നിർമ്മിച്ച് നൽകുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. 2018 പ്രളയത്തിനുശേഷം വിവിധ ഏജൻസികളുടെയും ഇടവകളുടെയും വ്യക്തികളുടെയും സഹായത്തോടെ 120 കുടുംബങ്ങളെ പുതിയ വീട് നിർമ്മിച്ചു നൽകി പുനരധിവസിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് എടുത്ത് പറയേണ്ടതാണ്. അഭിവന്ദ്യ ജോസഫ് കളത്തി പറമ്പിൽ പിതാവ് ആരംഭിച്ച ആർച്ച് ബിഷപ്പ് സ്നേഹ ഭവനം പദ്ധതിയിലൂടെ ഇന്നും ആ കരുതൽ ഇഎസ്എസ്എസ് തുടർന്നു കൊണ്ടേയിരിക്കുന്നു.


**നിയമ സഹായം**

അവകാശ അധിഷ്ഠിതമായ ഒരു സമൂഹ നിർമ്മിതിക്ക് നിയമ സാക്ഷരതയും നിയമസഹായവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇഎസ്എസ്എസ് നടത്തുന്ന നിയമ പരിശീലനങ്ങളും, സെമിനാറുകളും ഇതിനൊത്തിരിയേറെ സഹായിക്കുന്നു. കേരള ഹൈക്കോടതി അംഗീകാരത്തോടെ ഇ എസ്എസ്എസിൽ ഒരു കമ്മ്യൂണിറ്റി മീഡിയേഷൻ സെന്റർ പ്രവർത്തിക്കുന്നു എന്നുള്ളത് ഇത്തരത്തിൽ എടുത്തു പറയേണ്ടതാണ്. സാമൂഹ്യ സേവന പ്രവർത്തനത്തിൽ 60വർഷങ്ങൾ പിന്നിടുക എന്നുള്ളത് ഒരു വലിയ നേട്ടമാണ്. അതോടൊപ്പം പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാനും പ്രവർത്തന മേഖലകൾ കൂടുതൽ വിപുലീകരിക്കുന്നതിനുംസേവനങ്ങൾ കൂടുതൽ കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുന്നതിനും സ്വയം നവീകരിക്കപ്പെടുവാനും നമുക്ക് സാധിക്കണം. നന്മയുടെ സമൃദ്ധമായ വിത്തുകൾ അത് ആവശ്യമുള്ളവരിലേക്ക് എത്തിക്കുവാനുള്ള ദൈവത്തിന്റെ ഉപകരണമായി എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിക്കും വരാപ്പുഴ അതിരൂപതയ്ക്കും മാറുവാൻ സാധിക്കട്ടെ. ആ പ്രവർത്തനങ്ങൾക്ക് ഏറെ പ്രചോദനമാകട്ടെ ഈ വജ്ര ജൂബിലി ആഘോഷം.



**ഫാ. ജെറോം പയ്യപ്പിള്ളി** OCD
സഹസ്ഥാപകനും ഡയറക്ടറും

വാർത്തയും ചിന്തയും



# വ്യാജൻ പെരുകുന്നു, ജനം നക്ഷത്രമെണ്ണുന്നു...

**വാർത്ത**

**ആന്റണി ചടയംമുറി**

കള്ളനോട്ടുകളുടെ വ്യാപനം ഭരണകൂടത്തെ അമ്പരപ്പിക്കുന്നു. കള്ളപ്പണം, കള്ള നോട്ട് എന്നിവ നിയന്ത്രിക്കാൻ കേന്ദ്രസർക്കാർ 2016 നവബർ 8ന് അന്ന് നിലവിലുണ്ടായിരുന്ന എല്ലാ കറൻസി നോട്ടുകളും പിൻവലിച്ചു. കേന്ദ്രമന്ത്രിസഭയെ പോലും അറിയിക്കാതെ നടത്തിയ ഈ നടപടി അന്നും ഇന്നും വിവാദമാണ്. നോട്ട് പിൻവലിച്ചതു മൂലം കള്ളപ്പണമോ കള്ളനോട്ടുകളോ ഇല്ലാതാക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, രാജ്യമൊട്ടാകെ നടന്നുവരുന്ന കള്ളപ്പണ വേട്ടകളിൽ ഇപ്പോഴും ഇ.ഡി. പിടിച്ചെടുക്കുന്നത് കോടിക്കണക്കിനു രൂപയാണ്. 500–ന്റെ കള്ളനോട്ടിൽ 101. 9 ശതമാനവും 2000–ന്റെ കള്ളനോട്ടിൽ 54.16 ശതമാനവും വർദ്ധിച്ചതായിട്ടാണ് കണക്ക്. 10 രൂപ (16.4%) 20 രൂപ (16.5%) 200 രൂപ (11.7%) എന്നിങ്ങനെയാണ് കള്ളനോട്ട് വ്യാപനത്തിന്റെ ശതമാനക്കണക്ക്. 50, 100 രൂപയുടെ കള്ളനോട്ടിന്റെ പ്രചാരം കുറഞ്ഞിരിക്കുകയാണ്. 2022 മാർച്ച് 31–ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ, 2021 നെ അപേക്ഷിച്ച് 87.1ശതമാനം കള്ളനോട്ട് വർധന രേഖപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ ഒറ്റവർഷം കൊണ്ട് ഭരണകക്ഷിയായ ബി.ജെ.പി.ക്ക് സംഭാവനയായി ലഭിച്ചത് 477.5 കോടി രൂപയാണ്. ഒരു രാജ്യം, ഒരു ജനത, ഒരു കാർഡ് എന്നീ പട്ടികയിൽ ഒരു പാർട്ടി എന്നു കൂടി ഭരിക്കുന്നവരുടെ ഉള്ളിലുണ്ടോ ആവോ ?

**ചിന്ത**

ഇന്ന് നമ്മുടെ രാഷ്ട്രീയ രംഗത്ത് ചികിത്സയില്ല. ചികിത്സകരുമില്ല... ഗാന്ധിജി നാട്ടുകടത്തിയ ആദർശങ്ങൾ നാട് ഭരിച്ചു തുടങ്ങി. അന്നും ഇന്നും തമ്മിലുള്ള വ്യത്യാസം ഇതാണ്... അഴിമതിയുടെ പ്രധാന കാരണം സ്വയം സുഖിക്കലിന്റെ പ്രചാരമാണ്.

**– സുകുമാർ അഴീക്കോട്** (നവയാത്രകൾ – പേജ് –62)

KCBC MEDIA


ICON MEDIA ONLINE
13.1K subscribers

SUBSCRIBE

**കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തെക്കുറിച്ച് .**
**കെ സി ബി സി മീഡിയ കമ്മീഷന്റെ**
**ഐക്കൺ ഓൺലൈൻ ചാനലിൽ**
**സംപ്രേക്ഷണം ചെയ്യുന്ന**
**പഠനപരമ്പരയുടെ**

**100–ാം എപ്പിസോഡ്**
**അവതരിപ്പിച്ചുകൊണ്ട്**
**ജസ്റ്റിസ് കുര്യൻ ജോസഫ്**
**പറയുന്നു :**
**ദൈവത്തെ അറിയാനും**
**സഭയെ അറിയാനും**
**ഈ പഠന പരമ്പരയിലൂടെ**
**നിങ്ങൾക്ക് കഴിയും ....!**






**ഈ പരമ്പരയിലെ എല്ലാ എപ്പിസോഡുകളും**
**ഐക്കൺ ഓൺലൈൻ ചാനലിന്റെ**
**ആർക്കൈവ്സിൽ ലഭ്യമാണ്**

KCBC MEDIA

ICON MEDIA ONLINE

https://www.youtube.com/c/iconmediaonline

YouTube IN

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 31-08-2022

ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രം
വല്ലാർപാടം ബസിലിക്കയിൽ

# പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാൾ മഹാമഹം

**2022 സെപ്റ്റംബർ 16 മുതൽ 24 വരെ**



എട്ടാമിടം
2022 ഒക്ടോബർ 01 ശനിയാഴ്ച

ആരാധന ദിനം
2022 ഒക്ടോബർ 02 ഞായറാഴ്ച

വല്ലാർപാടം ബൈബിൾ കൺവെൻഷൻ
നയിക്കുന്നത് റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ
സെപ്റ്റംബർ 04 മുതൽ 07 വരെ
വൈകിട്ട് 4.30 മുതൽ 9.00 വരെ



## പരിശുദ്ധ മാതാവിന്റെ ജനന തിരുനാൾ

**സെപ്തംബർ 8, വ്യാഴം**

6.30 am : ദിവ്യബലി
9.30 am : ഉണ്ണിമാതാവിൻെറ രൂപത്തിൽ കുഞ്ഞുങ്ങൾ പൂക്കൾ സമർപ്പിക്കുന്നു.
പ്രദക്ഷിണം, തിരുനാൾ ദിവ്യബലി



**കുട്ടികളുടെ ആദ്യ ചോറൂണ്:**
രാവിലെ 10.30 am മുതൽ 1 pm വരെ
വൈകിട്ട് 3.30 pm മുതൽ 7 pm വരെ

**മരിയൻ തീർത്ഥാടനം**
സെപ്റ്റംബർ 11 ഞായറാഴ്ച വൈകിട്ട് 3.30 നു
ജപമാല, പൊന്തിഫിക്കൽ ദിവ്യബലി, അടിമ സമർപ്പണം

24.09.2022 ശനി

## തിരുനാൾ ദിനം

ദിവ്യബലി: 6.00 am (Tamil), 7.00 am, 8.00 am, 3.00 pm, 4.00 pm (Tamil), 5.30 pm, 7.00 pm (English)
തിരുനാൾ ദിവ്യബലി: 10.00 am

25.09.2022 ഞായർ

**ബോട്ട്, വഞ്ചി വെഞ്ചിരിപ്പ് ദിനം**
രാവിലെ 9 am മുതൽ 1 pm വരെ
വൈകിട്ട് 3.30 pm മുതൽ 7 pm വരെ



തിരുനാൾ ദിനങ്ങളിലെ അനുഗ്രഹീത സാന്നിദ്ധ്യം



മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ
മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.